# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.21 | No.9 | കാർത്തികപ്പള്ളി | R.No. 7361/02 | 2021 SEPTEMBER

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


## ചൊവ്വയിലും ഹെലികോപ്റ്റർ

ചൊവ്വയിൽ 'ഇൻജെന്യൂയിറ്റി' ഹെലികോപ്റ്റർ എട്ടാമത്തെ പറക്കൽ പൂർത്തിയാക്കിയതായി നാസ അറിയിച്ചു. പെഴ്സിവീയറൻസ് റോവറിൽ നിന്ന് 77.4 സെക്കൻഡിൽ 160 മീറ്ററാണ് ഇൻജെന്യൂയിറ്റി ഹെലികോപ്റ്റർ പറന്നത്.



ഫെബ്രുവരിയിൽ ചൊവ്വയിലെത്തിയ പെഴ്സിവീയറൻസ് ദൗത്യത്തിനൊപ്പമുണ്ടായിരുന്ന ചെറു ഹെലികോപ്റ്റർ 'ഇൻജെന്യൂയിറ്റി' തുടർ പരീക്ഷണത്തിലും വിജയകരമായി പറന്നുവെന്നാണ് നാസ ഗവേഷകർ അറിയിച്ചത്. ഭൂമിക്കു പുറത്ത് മറ്റൊരു ഗ്രഹത്തിൽ ആദ്യമായി നിയന്ത്രിത വ്യോമ പരീക്ഷണം നടത്തിയത് ഏപ്രിലിലായിരുന്നു. കഴിഞ്ഞ രണ്ടു മാസത്തിനിടെ എട്ട് തവണ പറന്ന ചൊവ്വയിലെ ഹെലികോപ്റ്റർ ഭാവിയിൽ നിർണ്ണായകമായ ഒട്ടേറെ പദ്ധതികൾക്കും ഗവേഷണങ്ങൾക്കും തുടക്കം കുറിക്കുമെന്നാണ് കരുതുന്നത്.

ചൊവ്വയിൽ കോളനി ഉറപ്പിക്കുക പോലുള്ള പദ്ധതികൾക്കുവരെ ചിറകേകുന്നതാണ് ഇൻജെന്യൂയിറ്റിയുടെ വിജയം. ഐ.ഐ.ടി. മദ്രാസ് മുൻ വിദ്യാർത്ഥി ബോബ് ബലറാമാണ് കോപ്റ്ററിന്റെ രൂപകൽപ്പന നിർവ്വഹിച്ചത്. ഇൻജെന്യൂയിറ്റിക്ക് ആ പേര് നൽകിയത് ഇന്ത്യൻ വംശജയായ യു.എസ്. വിദ്യാർത്ഥി വനേസയാണ്.

## മെഗാ എയർപോർട്ട്




കഴിഞ്ഞമാസം അവസാനം ചൈനയിലെ സിച്ചുവാൻ എയർലൈൻസ് ബീജിങ്ങിലേക്ക് ഒരു വിമാനം പറത്തിയത് പുതിയൊരു വിമാനത്താവളത്തിൽനിന്നാണ്. ഇന്ത്യൻ സമയം രാവിലെ 11.30-ന് പറന്നുയർന്ന ആ ഫ്ളൈറ്റ് ചെങ്ദു ടിയാൻഫു ഇന്റർനാഷണൽ എയർപോർട്ടിൽ നിന്നുള്ള ആദ്യത്തേതായിരുന്നു. എട്ടു ബില്യൺ യുവാൻ ചെലവിട്ട് അവർ ഒരു വിമാനത്താവളം ഉണ്ടാക്കി എന്നതല്ല അതിശയം, അതുണ്ടാക്കിയ കാലം ഏത് എന്നോർക്കുമ്പോഴാണ്! കോവിഡ് എന്നത് കേട്ടുമറന്ന എന്തോ കാര്യമല്ലേ ചൈനക്കാർക്ക് എന്നു ന്യായമായും സംശയിക്കാം.

സിച്ചുവാൻ പ്രവിശ്യയുടെ തലസ്ഥാനമായ ചെങ്ദു ഇപ്പോൾ ചൈനയിലെ വൻ നഗരങ്ങളായ ഷാങ്ഹായ്, ബീജിങ് എന്നിവയ്ക്കൊപ്പമാണ്. കാരണം, ഇവിടങ്ങളിൽ മാത്രമേ രണ്ടുവീതം അന്താരാഷ്ട്ര വിമാനത്താവളങ്ങളുള്ളൂ. ചെങ്ദുവിൽ ഇപ്പോൾ ഉണ്ടാക്കിയിരിക്കുന്ന വിമാനത്താവളത്തിന് പ്രതിവർഷം 12 കോടി യാത്രക്കാരെ കൈകാര്യം ചെയ്യാനുള്ള ശേഷിയുണ്ടാകും. ലോകത്തെ ഏറ്റവും തിരക്കേറിയ വിമാനത്താവളമായി ഇതു മാറുമെന്നു ചുരുക്കം. ഇപ്പോൾ പൂർത്തിയാക്കിയ ആദ്യ ഘട്ടത്തിന് കൊല്ലംതോറും ആറുകോടി യാത്രക്കാരെ കൈകാര്യം ചെയ്യാനാകും.

## മാസങ്ങൾ വേണ്ട മണിക്കൂറുകൾ മതി

ഗൂഗിൾ വികസിപ്പിച്ചെടുത്ത പുതിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ടെക്നോളജി "ചിപ്പ്" നിർമ്മാണത്തിൽ വൻ മുന്നേറ്റം നടത്തുമെന്ന് റിപ്പോർട്ട്. ഗവേഷകർ മാസങ്ങളെടുത്തു ഡിസൈൻ ചെയ്തിരുന്ന സവിശേഷ ചിപ്പുകൾ പോലും ആറു മണിക്കൂറിനുള്ളിലാണ് ഗൂഗിളിന്റെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഡിസൈൻ ചെയ്ത് ലോകത്തെ ഞെട്ടിച്ചത്. ഇത്തരം ചിപ്പുകൾ എ.ഐ.ക്കു വേണ്ടിത്തന്നെയാണ് ഉപയോഗിക്കുന്നത്.



ഗൂഗിളിന്റെ എഞ്ചിനീയർമാർ ചിപ്പ് വികസിപ്പിക്കാനുള്ള 10,000 അടിസ്ഥാന ഫ്ളോർ പ്ലാനുകളാണ് പുതിയ സോഫ്റ്റ് വെയറിലേക്ക് വിശകലനത്തിനായി ഫീഡു ചെയ്തത്. സോഫ്റ്റ്വെയർ അതു വിശകലനം ചെയ്ത്, മനുഷ്യർ ഡിസൈൻ ചെയ്ത ചിപ്പുകളേക്കാൾ അധികം ഇടമോ, വയറുകളോ, വിദ്യുച്ഛക്തിയോ വേണ്ടാത്ത ചിപ്പുകൾക്കുള്ള ഫ്ളോർ പ്ലാനുകളാണ് എ.ഐ. മണിക്കൂറുകൾക്കുള്ളിൽ പുറത്തെടുത്തത്.

## വെറും 28 മണിക്കൂർ: 10 നില കെട്ടിടം റെഡി



ശാസ്ത്ര സാങ്കേതിക മേഖലയിൽ ചൈന ബഹുദൂരം മുന്നിലാണ്. രാജ്യത്തെ ഓരോ മേഖലയിലും ടെക്നോളജിയുടെ സാന്നിധ്യം പ്രകടമാണ്. കഴിഞ്ഞ ദിവസം സമൂഹമാധ്യമങ്ങളിൽ ഹിറ്റായ ഒരു വീഡിയോയാണ് പുതിയ ചർച്ചാവിഷയം. ചൈനയിലെ ഒരു റിയൽ എസ്റ്റേറ്റ് കമ്പനി കേവലം 28 മണിക്കൂറിനുള്ളിൽ പത്ത് നില കെട്ടിടം നിർമ്മിച്ചിരിക്കുന്നു.

കെട്ടിടത്തിന്റെ നിർമ്മാതാവായ ബ്രോഡ് ഗ്രൂപ്പ് തന്നെയാണ് ചൈനയിലെ ചാങ്ഷാ നഗരത്തിലെ പത്ത് നില കെട്ടിട നിർമ്മാണത്തിന്റെ വീഡിയോ പുറത്തുവിട്ടത്. പദ്ധതിക്കായി മുൻകൂട്ടി നിർമ്മിച്ച നിർമ്മാണ സംവിധാനങ്ങൾ ഉപയോഗിച്ചാണ് പത്ത് നില കെട്ടിടം കുറഞ്ഞ സമയത്തിനുള്ളിൽ നിർമ്മിച്ച് റെക്കോർഡിട്ടത്.


കെട്ടിടത്തിനു വേണ്ട മുറികളും മറ്റ് കെട്ടിട മൊഡ്യൂളുകളും നേരത്തെതന്നെ ഒരു ഫാക്ടറിയിൽ തയ്യാറാക്കിയിരുന്നു. ഈ ഭാഗങ്ങളെല്ലാം ട്രക്കുകളിൽ സൈറ്റിലേക്ക് കൊണ്ടുപോയി യോജിപ്പിക്കുകയായിരുന്നു. ഓരോ കെട്ടിട മൊഡ്യൂളിനും ഷിപ്പിംഗ് കണ്ടെയ്നറിന് സമാനമായ അളവുകളാണ്. ഇതിനാൽ ഒരു സ്ഥലത്തുനിന്ന് മറ്റൊരിടത്തേക്ക് കൊണ്ടുപോകാനും എളുപ്പമായിരുന്നു. വേണ്ട ഭാഗങ്ങളെല്ലാം നേരത്തെതന്നെ നിർമ്മാണ സ്ഥലത്ത് എത്തിക്കുകയും യൂണിറ്റുകൾ പരസ്പരം ബന്ധിപ്പിച്ചു വയ്ക്കുകയുമായിരുന്നു. ഇതിനായി ക്രെയ്നിന്റെയും മറ്റു സാങ്കേതിക സംവിധാനങ്ങളുടെയും സഹായം ഉപയോഗപ്പെടുത്തി. 'സ്റ്റാൻഡേർഡ് കണ്ടെയ്നർ വലുപ്പം, ലോകമെമ്പാടുമുള്ള കുറഞ്ഞ ചെലവിൽ ഗതാഗതം, വളരെ ലളിതമായ ഓൺസൈറ്റ് ഇൻസ്റ്റാളേഷൻ എന്നിങ്ങനെയാണ് കമ്പനി അവകാശപ്പെടുന്നത്.

കെട്ടിടം ഭൂകമ്പ പ്രതിരോധശേഷിയുള്ളതാണെന്നും ഡിസ്അസംബ്ലിംഗ് ചെയ്ത് മറ്റൊരു സ്ഥലത്തേക്ക് മാറ്റാമെന്നും ബ്രോഡ് ഗ്രൂപ്പ് അറയിച്ചു. 200 നിലകളുള്ള കെട്ടിടങ്ങൾ നിർമ്മിക്കാൻ ഈ സംവിധാനം ഉപയോഗിക്കാമെന്നും കമ്പനി അവകാശപ്പെടുന്നു.

## കപ്പിത്താൻ ഇല്ലാത്ത കപ്പൽ

ഡ്രൈവറില്ലാത്ത കാറുകളും പൈലറ്റില്ലാത്ത നിരീക്ഷണ വിമാനങ്ങളും ലോകം കണ്ടുകഴിഞ്ഞു. ഇനിയിതാ കപ്പിത്താനില്ലാത്ത കപ്പലുകളുടെ ഊഴമായി. അടുത്ത മാസം ഇംഗ്ലണ്ടിലെ പ്ലിമത്ത് സൗണ്ടിൽ നിന്ന് ഒരു കൊച്ചു യാനം യാത്ര പുറപ്പെടുമ്പോൾ അത് ലോക നാവിക ചരിത്രത്തിൽ പുതിയ അദ്ധ്യായത്തിനു തുടക്കം കുറിക്കുകയാണ്.

ലോകത്തിലെ ആദ്യ ബുദ്ധിശാലിയായ കപ്പൽ 'മേഫ്ളവർ-400' അറ്റ്ലാന്റിക് സമുദ്രത്തിനു കുറുകേ ഒരു യാത്രയ്ക്ക് തയാറെടുക്കുകയാണ്. 400 വർഷം മുൻപ് മറ്റൊരു മേഫ്ളവർ നടത്തിയ യാത്രയുടെ ഓർമ്മയിലാണ് ഈ യാത്ര. 1620 സെപ്റ്റംബർ 16-നായിരുന്നു 102 യാത്രക്കാരുമായി മേഫ്ളവർ കപ്പൽ പ്ലിമത്തിൽ നിന്ന് യാത്ര തിരിച്ചത്. അറ്റ്ലാന്റിക്കിന്റെ മറുകരയിൽ അമേരിക്കയിൽ ലഭിച്ചേക്കാവുന്ന നല്ല ഭാവി തേടിയുള്ള യാത്രയായിരുന്നു അത്. അതേ വർഷം തന്നെ മസാച്യുസെറ്റ്സിൽ കാലുകുത്തിയ ഈ യാത്രാ സംഘത്തിന്റെ പിൻഗാമികളാണ് ഇന്ന് അമേരിക്കൻ ജനതയിൽ വലിയൊരു പങ്കും. ഈ കപ്പലിന്റെ അതേ സഞ്ചാരപാതയിലാവും മേഫ്ളവർ 400-ന്റെയും യാത്ര.




ചരിത്രം തിരുത്തിക്കുറിച്ച ഈ യാത്രയുടെ 400-ാം വാർഷികം ആഘോഷിക്കാൻ ആദ്യം ആലോചിച്ചത് പഴയ കപ്പലിന്റെ മാതൃകയിൽ ഒരെണ്ണമുണ്ടാക്കി ഒരു യാത്ര നടത്താനായിരുന്നു. മുങ്ങിക്കപ്പലുകളുടെ നിർമ്മാണത്തിൽ പ്രസിദ്ധനായ ഫ്രെറ്റ് ഫാന്യൂഫ് എന്ന വ്യവസായിക്ക് എന്നാൽ മറ്റൊരു ആശയമായിരുന്നു. ഒരു സഞ്ചാരി പോലുമില്ലാത്ത കപ്പലുണ്ടാക്കുക! ചാരിറ്റി സംഘടനയായ പ്രോമേറിന്റെ സഹസ്ഥാപകൻ കൂടിയാണ് ഫ്രെറ്റ്.

ഭാവിയെ ലക്ഷ്യമിട്ടുള്ള ഈ കപ്പലിനെ നിർമ്മിത ബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) ഉപയോഗിച്ചാണ് നിയന്ത്രിക്കുന്നത്. സൂര്യപ്രകാശത്തിൽ നിന്നും ഊർജ്ജം സംഭരിച്ചാണ് യാത്ര.


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ - Rs. 250 മറ്റ് രാജ്യങ്ങൾ - Rs. 2000 | വേദാഭിമാനി, കേരള 690516 |




# ഉദ്ദേശ്യവും ആത്യന്തിക ലക്ഷ്യവും



**ബൈ**ബിളിലൂടെ വെളിപ്പെടുത്തപ്പെട്ടിരിക്കുന്ന, ദൈവത്തിന്റെ മനുഷ്യരാശിയോടുള്ള ഇടപാടിന്റെ ആത്യന്തികലക്ഷ്യം (Ultimate aim) എന്താണ്? അതു കുറെ മനുഷ്യരെ രക്ഷിച്ചു സ്വർഗ്ഗത്തിൽ കൊണ്ടുപോകുക എന്നതാണോ? അതോ ദൈവത്തെ അനുസരിക്കാത്ത ആളുകളെ ശിക്ഷിച്ചു നരകത്തിൽ തള്ളിക്കളയുക എന്നതോ? സാത്താനെയും കൂട്ടരെയും ഭൂമുഖത്തുനിന്നും തുടച്ചു നീക്കുക എന്ന ലക്ഷ്യത്തോടെയാണോ ദൈവം പ്രവർത്തിക്കുന്നത്? പുതിയൊരു ആകാശവും ഭൂമിയും സൃഷ്ടിച്ച് പുതിയൊരു സംവിധാനക്രമം ആരംഭിക്കുകയാണോ ദൈവത്തിന്റെ ഉദ്ദേശ്യം? എന്താണ് ദൈവത്തിന്റെ ആത്യന്തികലക്ഷ്യം?

തർക്കശാസ്ത്രത്തിൽ അവശിഷ്ടവാദം (residual argument) എന്നൊരു ന്യായം ഉണ്ടെന്നു കേട്ടിട്ടുണ്ട്. അവസാനം എന്ത് അവശേഷിക്കുന്നുവോ അതു നോക്കിയിട്ട്, ഈ പ്രവർത്തനങ്ങളുടെയെല്ലാം ഉദ്ദേശ്യം ഒടുവിൽ ഈ ഫലം ലഭിക്കാൻ വേണ്ടിയായിരുന്നു എന്നു മനസ്സിലാക്കുന്നതാണത്. ഒരു രസതന്ത്ര ശാസ്ത്രജ്ഞൻ തന്റെ പരീക്ഷണശാലയിൽ പരീക്ഷണങ്ങളിൽ വ്യാപൃതനായിരിക്കുന്നത് ഈ ന്യായത്തിനു നല്ലൊരു ഉദാഹരണമാണ്. ഒരു സാധാരണക്കാരൻ അദ്ദേഹത്തെ ശ്രദ്ധിച്ചാൽ അദ്ദേഹം എന്തിനുവേണ്ടിയാണ് പ്രയത്നിക്കുന്നതെന്നു മനസ്സിലാക്കാൻ വിഷമം. ശാസ്ത്രജ്ഞൻ ചില മൂലകങ്ങൾ ഒരു പരീക്ഷണ നാളിയിൽ ഇടുന്നു. ചൂടാക്കുന്നു, പെട്ടെന്നു തണുപ്പിക്കുന്നു. ഒന്നിൽ നിന്നു മറ്റൊന്നിലേക്കു പകരുന്നു... ഇതെല്ലാം എന്തിനുവേണ്ടി? എന്നാൽ ഒടുവിൽ പരീക്ഷണത്തിന്റെ അന്ത്യത്തിൽ ടെസ്റ്റ് ട്യൂബിന്റെ അടിത്തട്ടിൽ ഒരു രാസപദാർത്ഥം കിടന്നു വെട്ടിത്തിളങ്ങുന്നതു കാണുമ്പോൾ മനസ്സിലാകുന്നു-'ഓ, ഇദ്ദേഹം ഇത് ലഭിക്കാൻ വേണ്ടിയാണ് ഇത്രയും നേരം അധ്വാനിച്ചത്!'



ഈ അവശിഷ്ടവാദത്തിന്റെ വീക്ഷണകോണിലൂടെ ബൈബിളിനെ നോക്കിക്കണ്ടാൽ ദൈവത്തിന്റെ പ്രവർത്തനങ്ങളുടെ ആത്യന്തികലക്ഷ്യം എന്താണെന്നു വ്യക്തമാകും. ബൈബിളിന്റെ തുടക്കത്തിൽ ഉൽപ്പത്തിയിൽ 'ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിക്കുന്നു'. സകല ചരാചരങ്ങളെയും ഒടുവിൽ മനുഷ്യനെയും സൃഷ്ടിക്കുന്നു. നോഹ, അബ്രഹാം, ഒടുവിൽ യിസ്രായേൽജനത. രാജാക്കന്മാർ, യുദ്ധങ്ങൾ, പടയോട്ടങ്ങൾ. കാലസമ്പൂർണ്ണതയിൽ യേശുവിന്റെ വരവ്, സുവിശേഷങ്ങളിൽ അവിടുത്തെ പ്രവർത്തനങ്ങളുടെ, ക്രൂശുമരണത്തിന്റെ, ഉയിർത്തെഴുന്നേൽപ്പിന്റെ വിവരണങ്ങൾ, ലേഖനങ്ങളിൽ ജീവിതം സംബന്ധിച്ച ഉദ്ബോധനങ്ങൾ. ഒടുവിൽ വെളിപ്പാടുപുസ്തകത്തിന്റെ അവസാന താളുകളിലെത്തുമ്പോഴാണ് ഇങ്ങനെയൊരു ക്ഷണം-'വരിക, കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ കാണിച്ചുതരാം' (വെളി.21:9). അപ്പോൾ എല്ലാ ദൈവപ്രവർത്തിയുടെയും ആത്യന്തിക ലക്ഷ്യം ഇതായിരുന്നു - കുഞ്ഞാടിന് ഒരു കാന്ത, മണവാട്ടി, അതു സഭയാണ്.

ദൈവത്തെ സംബന്ധിച്ചിടത്തോളം സഭ വളരെ പ്രധാനം ആണ്. ദൈവത്തിന്റെ സകല പ്രവൃത്തികളുടെയും രഹസ്യങ്ങൾ സഭ മുഖാന്തരമാണ് അറിയായ്‌വരുന്നത്. സകലവും സൃഷ്ടിച്ച ദൈവത്തിൽ അനാദികാലം മുതൽ മറഞ്ഞികിടന്ന മർമ്മത്തിന്റെ വ്യവസ്ഥയും... ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനവും... കർത്താവായ യേശുക്രിസ്തുവിൽ നിവർത്തിച്ച അനാദി നിർണയപ്രകാരം സഭ മുഖാന്തരം അറിയായ് വരുന്നു (എഫെ.3:9-11). എത്ര അത്ഭുതകരം! സഭയുടെ ഈ നിലയിലുള്ള പ്രാധാന്യം മനസ്സിലാക്കാൻ ഒരു വെളിപ്പാടാണ് ആവശ്യം. സഭയെ സംബന്ധിച്ച് പ്രധാനമായും രണ്ട് വെളിപ്പാടുകളാണ് വേണ്ടത്. ഒന്ന്-സഭയുടെ സ്ഥാനം. രണ്ട്-സഭയുടെ കർത്തവ്യം.

ഇന്നു സഭയുടെ സ്ഥാനം എന്താണ്? അവിടുന്നു ഭൂമിയിലായിരുന്ന കാലത്ത് യേശുവിനുണ്ടായിരുന്ന സ്ഥാനമാണ് ഇന്നു സഭയ്ക്കുള്ളതെന്നു വാച്ച്മാൻ നീ വിശദീകരിച്ചിട്ടുണ്ട്. ജഡാവതരണത്തിന്റെ സമയത്ത് ദൈവം തന്നെത്തന്നെ ഒരു ശരീരത്തിലേക്കു പരിമിതപ്പെടുത്തി. അതാണ് യേശു. നാലു സുവിശേഷങ്ങളുടെ കാലഘട്ടത്തിൽ ദൈവം ആ ശരീരത്തിനു വെളിയിൽ രക്ഷണ്യപ്രവൃത്തി സംബന്ധിച്ച് ഒന്നും ചെയ്തില്ല. തന്റെ എല്ലാ പ്രവർത്തനങ്ങളും പുത്രനെ ഏൽപ്പിച്ചു. ദൈവത്തിന്റെ സകല സമ്പൂർണ്ണതയും യേശുവിലാണ് വെളിപ്പെട്ടത്. തന്റെ ഇഷ്ടമല്ല, തന്നെ അയച്ചവന്റെ ഇഷ്ടമാണ് താൻ ചെയ്യുന്നതെന്നും (യോഹ.6:38), പുത്രൻ സ്വതവെ ഒന്നും ചെയ്യുന്നില്ല പിതാവു ചെയ്തുകണ്ടതാണ് ചെയ്യുന്നതെന്നും (5:9), പിതാവിൽനിന്നും കേട്ടതു മാത്രമാണ് സംസാരിക്കുന്നതെന്നും (8:26) യേശു പ്രസ്താവിച്ചപ്പോൾ അതിന്റെ അർത്ഥമെന്താണ്? ദൈവം തന്റെ ഇഷ്ടവും വാക്കുകളും പ്രവൃത്തികളുമെല്ലാം പുത്രനിൽ ഭരമേൽപ്പിച്ചുവെന്നല്ലേ? വചനം ജഡമായിത്തീർന്നു. ദൈവം മനുഷ്യനായി പരിമിതപ്പെട്ടു. ദൈവം ഭൂമിയിൽ വന്നു. ഇതാണ് യേശു. ഇതായിരുന്നു ഭൂമിയിൽ ജീവിച്ച കാലത്തെ യേശുവിന്റെ സ്ഥാനം.

ഇന്നു സഭയുടെ സ്ഥാനമോ? ജഡാവതാരത്തിന്റെ സമയത്ത് ദൈവം തന്നെത്തന്നെ ശരീരത്തിലേക്കു പരിമിതപ്പെടുത്തിയതുപോലെ, ഇന്നു ദൈവം തന്നെത്തന്നെ നൽകിയിരിക്കുന്നത് സഭയ്ക്കാണ്. 'അവനെ... അവന്റെ ശരീരമായ സഭയ്ക്കു കൊടുക്കുകയും ചെയ്തിരിക്കുന്നു' (എഫെ.1:3). 'ഇന്ന് അവിടുത്തെ ശക്തിയും പ്രവർത്തനവും സഭയിലാണ് കണ്ടെത്തുന്നത്. അന്നു തന്റെ എല്ലാ പ്രവർത്തനങ്ങളും പുത്രനിൽ ഭരമേൽപ്പിച്ചതുപോലെ ഇന്നു ദൈവം തന്റെ എല്ലാ പ്രവർത്തനങ്ങളും ഏൽപ്പിച്ചിരിക്കുന്നത് സഭയെയാണ്. സഭയെക്കൂടാതെ അവിടുന്ന് ഒന്നും ചെയ്യുന്നില്ല. അവിടുന്നു പൂർണ്ണമായും സഭയിലൂടെ പ്രവർത്തിക്കുന്നു. പെന്തക്കോസ്തു മുതൽ ഇന്നുവരെ ദൈവത്തിന്റെ പ്രവർത്തനം സഭ മുഖാന്തരം ആണ് നടക്കുന്നത്. ദൈവം പൂർണ്ണമായും കലവറ കൂടാതെയും തന്നെത്തന്നെ നൽകിയതുപോലെ അവിടുന്ന് ഇന്നു പൂർണ്ണമായും കലവറ കൂടാതെയും തന്നെത്തന്നെ നൽകിയിരിക്കുന്നത് സഭയ്ക്കാണ്. ഇതാണ് സഭയുടെ സ്ഥാനം!

രണ്ടാമത് സഭയുടെ കർത്തവ്യത്തെക്കുറിച്ചുള്ള വെളിപ്പാടാണ് നമുക്കു വേണ്ടത്. സഭയുടെ സ്ഥാനത്തെക്കുറിച്ചുള്ള ബോധ്യമാണ് സഭയുടെ കർത്തവ്യത്തെക്കുറിച്ചുള്ള ബോധ്യത്തിലേക്കു നമ്മെ നയിക്കുന്നത്. ദൈവം തന്നെത്തന്നെ സഭയ്ക്കു കൊടുക്കുകയും സഭയിലൂടെ മാത്രം അവിടുന്നു പ്രവർത്തിക്കുകയും ചെയ്യുന്നുവെങ്കിൽ സഭയുടെ ചുമതല എത്ര വലുതാണ്! സഭ പരിമിതപ്പെട്ടുപോയാൽ, സഭ ശക്തിഹീനമായാൽ ദൈവപ്രവൃത്തിയും ശക്തിഹീനമായിപ്പോകും!

സഭയെക്കുറിച്ചുള്ള നിത്യമായ വ്യവസ്ഥയിൽ, പ്രധാനമായി മൂന്നു ലക്ഷ്യങ്ങൾ ദൈവം നിർണ്ണയിച്ചിരിക്കുന്നു. ഒന്നാമതായി, സഭ പുത്രത്വത്തിന്റെ പൂർണ്ണ അവകാശം പ്രാപിച്ച്, ദൈവത്തിന്റെ മഹത്വം വെളിപ്പെടുത്തുന്ന ഒരു കൂട്ടമായിരിക്കണം. രണ്ടാമതായി, സഭ സാത്താനെ പൂർണ്ണമായും കീഴ്പ്പെടുത്തുന്ന ദൈവത്തിന്റെ ഉപകരണമായിരിക്കണം. മൂന്നാമതായി, സഭ ക്രിസ്തുവെന്ന ശിരസ്സിനു പൂർണ്ണമായും വിധേയപ്പെട്ട ക്രിസ്തുവിന്റെ ശരീരമായിത്തീരണം.

ദൈവത്തിൽ നിന്നുമുള്ള ഒരു ജനനം പ്രാപിക്കുകയെന്നതും, പുത്രത്വത്തിന്റെ അവകാശത്തിലേക്കു നാം പ്രവേശിക്കുകയെന്നതും വ്യത്യസ്തമായ അനുഭവങ്ങളാണ്. ആത്യന്തികമായി ദൈവത്തിനു വേണ്ടത്, തന്റെ തേജസ്സും ജീവനും ഉൾക്കൊള്ളുന്ന കാന്തയെയാണ്.



# സന്തോഷദിനങ്ങൾ



**സ്**പെയിന്റെ തെക്കുഭാഗത്തു കൊർഡോവയിലെ കാലിഫയായിരുന്നു അബ്ദർമാൻ. അദ്ദേഹം മരിച്ചപ്പോൾ അദ്ദേഹത്തിന്റെ മുറിയിൽനിന്നു സ്വന്തം കൈപ്പടയിലുള്ള ചില പ്രധാനപ്പെട്ട രേഖകൾ കണ്ടെടുക്കുകയുണ്ടായി. അവയിലൊന്നിൽ കാലിഫ് ഇപ്രകാരം എഴുതിയിരുന്നു.

"ഞാൻ കാലിഫായി സ്ഥാനമേറ്റിട്ട് അമ്പതുവർഷം കഴിഞ്ഞിരിക്കുന്നു. ഇതിനോടകം ധരാളം സ്വത്ത് ഞാൻ സമ്പാദിച്ചിട്ടുണ്ട്. ജീവിതസുഖങ്ങളൊക്കെ ആവോളം ആസ്വദിച്ചിട്ടുണ്ട്. ചുരുക്കത്തിൽ, ഒരു മനുഷ്യന് ഈ ലോകത്തിൽ എന്തൊക്കെ നേടാമോ അതൊക്കെ ഞാൻ നേടി. എന്നാൽ, ഇത്രയും കാലത്തെ എന്റെ ജീവിതത്തിനിടയിൽ ഞാൻ എത്ര ദിവസം ശരിക്കും സന്തോഷവാനായിരുന്നു എന്നു ചോദിച്ചാൽ അതെനിക്കു കൃത്യമായി പറയാൻ സാധിക്കും, വെറും പതിനാലു ദിവസം.



ജീവിതത്തിൽ എല്ലാം ഉണ്ടായിരുന്നവനായിരുന്നു അബ്ദർമാൻ. ഭരണാധികാരിയായിരുന്നതുകൊണ്ട് അദ്ദേഹത്തിന് ഒന്നിനും ഒരിക്കലും കുറവുണ്ടായിരുന്നില്ല. എന്നാൽ തന്റെ ജീവിതത്തിൽ പതിനാലുദിവസം മാത്രമേ താൻ ശരിക്കും സന്തോഷവാനായിരുന്നിട്ടുള്ളൂ എന്ന് അദ്ദേഹം തന്നെ പറയുന്നു.

താൻ സന്തോഷവാനായിരുന്ന പതിനാലു ദിവസങ്ങൾ ഏവയൊക്കെയാണെന്ന് അദ്ദേഹം പറയുന്നില്ല. ഒരുപക്ഷേ, പതിനാലു ദിവസങ്ങൾ എന്നു പറയുന്നതു തന്റെ ജീവിതത്തിൽ എത്രയോ വളരെക്കുറച്ചു ദിവസങ്ങൾ മാത്രം താൻ സന്തോഷവാനായിരുന്നു എന്നു ചൂണ്ടിക്കാട്ടുവാൻ വേണ്ടിയാകണം.

ജീവിതത്തിൽ യഥാർത്ഥ സന്തോഷം അനുഭവിക്കാൻ ആഗ്രഹിക്കുന്നവരാണു നാമെല്ലാവരും. അതിനുവേണ്ടി നാം എപ്പോഴും ഏറെ കഠിനാധ്വാനം ചെയ്യുകയും ചെയ്യുന്നു. എന്നാൽ, ഇതുവരെയുള്ള നമ്മുടെ ജീവിതത്തിൽ എത്രദിവസം നാം യഥാർത്ഥത്തിൽ സന്തോഷത്തിൽ കഴിഞ്ഞിട്ടുണ്ട്? നമ്മുടെ കഴിഞ്ഞകാല ജീവിതത്തിലേക്കു തിരിഞ്ഞുനോക്കിയാൽ, നാം ശരിക്കും സന്തോഷവാന്മാരായി കഴിഞ്ഞിട്ടുള്ള എത്ര ദിവസങ്ങൾ കണ്ടുപിടിക്കാൻ സാധിക്കും? നമ്മിൽ പലരെയും സംബന്ധിച്ചിടത്തോളം അവയുടെ എണ്ണം വളരെ കുറവായിരിക്കാനാണു സാധ്യത.

അങ്ങനെയെങ്കിൽ ജീവിതത്തിൽ എന്നും യഥാർത്ഥ സന്തോഷം ലഭിക്കാൻ നാം എന്താണു ചെയ്യേണ്ടത്?

പ്രശസ്തനായ ഇറ്റാലിയൻ കവിയായിരുന്നു ടൊർക്വാട്ടോ ടാസ്സോ. അദ്ദേഹം ഒരിക്കൽ ഫ്രാൻസിലെ രാജാവായിരുന്ന ചാൾസ് ഒമ്പതാമനോടു ചോദിച്ചു: "ഏറ്റവും സന്തോഷവാൻ ആരാണെന്നാണ് അങ്ങു കരുതുന്നത്?

അപ്പോൾ രാജാവു പറഞ്ഞു: "ദൈവം". ടാസ്സോ ചോദിച്ചു: "എന്നാൽ മനുഷ്യരിൽ ആരാണ് ഏറ്റവും സന്തോഷവാൻ എന്നാണ് അങ്ങു കരുതുന്നത്?".



അപ്പോൾത്തന്നെ രാജാവിൽ നിന്നു മറുപടിയുണ്ടായി. അദ്ദേഹം പറഞ്ഞു: " മനുഷ്യരിൽ ആര് ഏറ്റവും ദൈവത്തോട് അടുത്തിരിക്കുന്നുവോ ആ വ്യക്തിയാണ് മനുഷ്യരിൽ ഏറ്റവും സന്തോഷവാൻ".

അതെ, ഏറ്റവും സന്തോഷവാനായിരിക്കുന്ന വ്യക്തി ദൈവം തന്നെ. അതുപോലെ, ആര് ഏറ്റവും ദൈവത്തോട് അടുത്തിരിക്കുന്നുവോ ആ വ്യക്തിയാണ് മനുഷ്യരിൽ ഏറ്റവും സന്തോഷമനുഭവിക്കുന്ന ആൾ എന്നതിലും സംശയമില്ല. കാരണം, ദൈവമാണ് നമ്മുടെ ജീവിതത്തിലെ യഥാർത്ഥ സന്തോഷത്തിന്റെ ഉറവിടം. അവിടുത്തെ സാന്നിധ്യം നമ്മുടെ ജീവിതത്തിൽ എത്രയധികമുണ്ടാകുന്നുവോ അത്രയധികമായിരിക്കും നമ്മുടെ സന്തോഷം.

ജീവിതത്തിൽ യഥാർത്ഥ സന്തോഷമാണു നാം ആഗ്രഹിക്കുന്നതെങ്കിൽ നാം തെരയേണ്ടത് ദൈവത്തെയാണ്; നാം ആഗ്രഹിക്കേണ്ടത് അവിടുത്തെ സാന്നിധ്യത്തെയാണ്; നാം ചരിക്കേണ്ടത് അവിടുത്തെ വഴികളിലൂടെയാണ്; നാം പ്രവർത്തിക്കേണ്ടത് അവിടുത്തെ തിരുവചസ്സുകളാണ്; നാം അനുകരിക്കേണ്ടത് അവിടുത്തെ മാതൃകയാണ്.




# തൂവാലയിലെ കെട്ട്

ഒരു ദിവസം ശ്രീബുദ്ധൻ തന്റെ ചില ശിഷ്യന്മാർ തമ്മിൽ വലിയ വാഗ്വാദം നടത്തുന്നതു കണ്ടു. അവർ പരസ്പരം തർക്കിക്കുന്നതു കേട്ടിട്ട് അദ്ദേഹം ഒന്നും മിണ്ടാതെ മടങ്ങിപ്പോയി.

പിറ്റേന്ന് കൈയിലൊരു തൂവാലയുമായാണ് ബുദ്ധൻ ശിഷ്യന്മാരുടെ മുന്നിലെത്തിയത്. സാധാരണ ബുദ്ധന്റെ കൈയ്യിൽ ഒന്നും ഉണ്ടാകാറില്ല. അതുകൊണ്ടു തന്നെ ശിഷ്യന്മാർ അത് ശ്രദ്ധിച്ചു.

ശിഷ്യന്മാരോട് സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടെ ബുദ്ധൻ തന്റെ കൈയ്യിലുള്ള തൂവാലയിൽ കെട്ടുകളിട്ടുകൊണ്ടിരുന്നു. അഞ്ചാറ് കെട്ട് ആയപ്പോൾ ബുദ്ധൻ അത് ശിഷ്യന്മാരെ ഉയർത്തിക്കാണിച്ചുകൊണ്ട് ചോദിച്ചു: ''ഈ തൂവാല ഞാൻ കൊണ്ടുവന്നപ്പോഴുള്ളതുപോലെയാണോ, അതോ എന്തെങ്കിലും വ്യത്യാസമുണ്ടോ?''.



''തൂവാല അതുതന്നെയാണെങ്കിലും അതിന് വ്യത്യാസം വന്നിട്ടുണ്ട് ഗുരോ''. ഒരു ശിഷ്യൻ പറഞ്ഞു.

''ശരിയാണ്, എന്നാൽ എനിക്ക് ഈ തൂവാല പഴയതുപോലെയാക്കാൻ കഴിയുമോ?'' അദ്ദേഹം ചോദിച്ചു.

അപ്പോൾ മറ്റൊരു ശിഷ്യൻ പറഞ്ഞു: ''കഴിയും ഗുരോ, പക്ഷേ തുണിയിലെ ഓരോ കെട്ടും അങ്ങുതന്നെ അഴിച്ചെടുക്കണം''.

ഇതുകേട്ട് ബുദ്ധൻ ചോദിച്ചു: ''അതെങ്ങനെ, ഈ തൂവാലയുടെ രണ്ടറ്റത്തും ഞാൻ പിടിച്ചുവലിച്ചാൽ കെട്ട് അഴിഞ്ഞുവരുമോ?''.

''അങ്ങനെ പറ്റില്ല. തൂവാലയിലെ കെട്ടുകൾ എങ്ങനെയാണെന്ന് ശ്രദ്ധിച്ചു മനസ്സിലാക്കിയിട്ട് അവ അഴിക്കാൻ നോക്കണം. ഇല്ലെങ്കിൽ കെട്ട് കൂടുതൽ മുറുകുകയേയുള്ളൂ'' ശിഷ്യൻ പറഞ്ഞു.

ഇതുകേട്ട് ബുദ്ധൻ ഒന്നു പുഞ്ചിരിച്ചു. ''വളരെ ശരിയാണ്. നമ്മൾ പലപ്പോഴും സുഹൃത്തുക്കൾ തമ്മിലും ബന്ധുക്കൾ തമ്മിലും വഴക്കിടാറുണ്ട്, തർക്കിക്കാറുണ്ട്. അപ്പോൾ നമ്മളാണ് ശരി എന്ന് വരുത്താൻ ശക്തിയായി വാദിക്കാറുമുണ്ട്. അപ്പോൾ എന്തുണ്ടാവും? ഈ തൂവാലയിലെ കെട്ടുപോലെ തർക്കം കൂടുതൽ മുറുകുകയും രൂക്ഷമാവുകയും ചെയ്യും''.

ബുദ്ധൻ തന്റെ കൈയ്യിലെ തൂവാലയിലെ കെട്ടുകൾ വളരെ ശ്രദ്ധയോടെ അഴിച്ചുകാണിച്ചിട്ട് ശിഷ്യന്മാരോട് പറഞ്ഞു: ''പരസ്പരമുള്ള തർക്കത്തിന്റെയും വാഗ്വാദങ്ങളുടെയും യഥാർത്ഥകാരണം അവരവർതന്നെ വിശകലനം ചെയ്ത് കണ്ടെത്തണം. എന്നിട്ട് അതിന് പരിഹാരം കാണണം. അങ്ങനെ ചെയ്താൽ മനുഷ്യർ തമ്മിലുള്ള ബന്ധം കെട്ടുകളില്ലാത്ത ഈ തൂവാലപോലെ വളരെ മൃദുവും ഊഷ്മളവുമായിരിക്കും''.

ബുദ്ധൻ പറഞ്ഞതിന്റെ പൊരുൾ ശിഷ്യന്മാർക്ക് മനസ്സിലായി.




കൃത്രിമമായി മഴ പെയ്യിക്കുന്നതിനെ ക്ലൗഡ് സീഡിങ് (cloud seeding) എന്നാണ് പറയുന്നത്. മേഘങ്ങളിൽ ചില രാസവസ്തുക്കൾ വിതറി കാലാവസ്ഥയിൽ മാറ്റം വരുത്തുന്ന വിദ്യയാണ് ക്ലൗഡ് സീഡിങ്.

മഴ പെയ്യാനായി മേഘങ്ങളിൽ സ്വാഭാവികമായി പല കാര്യങ്ങളും സംഭവിക്കണം. ഇതെല്ലാം കൃത്രിമമായി സമന്വയിപ്പിച്ചാണ് കൃത്രിമ മഴ ഉണ്ടാക്കുന്നത്.

കൃത്രിമ മഴ ഉണ്ടാക്കണമെങ്കിലും ആകാശത്ത് ഈർപ്പമുള്ള മേഘം വേണമെന്ന് ചുരുക്കം. ചിതറിക്കിടക്കുന്ന മേഘങ്ങളെ ആദ്യം ഒരുമിച്ചുകൂട്ടും. ചില രാസവസ്തുക്കൾ വിമാനത്തിന്റെ സഹായത്തോടെ മേഘങ്ങളിൽ വിതറിയാണ് മേഘങ്ങളെ ഒന്നിച്ചുകൂട്ടുന്നത്.

ഈ മേഘങ്ങളിലേക്ക് സിൽവർ അയഡൈഡ്, ഡ്രൈ ഐസ് (ഖരാവസ്ഥയിലുള്ള കാർബൺ ഡൈ ഓക്സൈഡ്) തുടങ്ങിയ രാസവസ്തുക്കൾ വിതറും. ഇവ മേഘങ്ങളിലെ നീരാവിയെ തണുപ്പിച്ച് ജലകണികകളാക്കി മാറ്റി മഴ പെയ്യിക്കും.

റഡാറിന്റെ സഹായത്തോടെയാണ് മഴ പെയ്യിക്കാൻ യോജിച്ച മേഘങ്ങളെ കണ്ടെത്തുന്നത്. വിമാനങ്ങളിലോ ഭൂമിയിൽനിന്ന് വിക്ഷേപിക്കുന്ന പ്രത്യേക റോക്കറ്റുകൾ വഴിയോ രാസവസ്തുക്കൾ മേഘങ്ങളിലേക്കെത്തിക്കും.

ഏറെ ചെലവുള്ള കാര്യമാണ് ക്ലൗഡ് സീഡിങ്. എങ്കിലും വളരെ കുറച്ചുമാത്രം മഴ ലഭിക്കുന്ന രാജ്യങ്ങൾ ഇത് നടപ്പിലാക്കുന്നുണ്ട്.

# പുറം വെള്ള അകം പൊള്ള!



ഒരിക്കൽ എനിക്കൊരബദ്ധം പറ്റി. ഒരു യാത്രയിൽ ഭക്ഷണം കഴിക്കാൻ ഒരു ഫൈവ്സ്റ്റാർ ഹോട്ടലിൽ കയറി. ആദ്യമായിട്ടാണ് ഫൈവ്സ്റ്റാർ ഹോട്ടലിൽ കയറുന്നത്. അകവും പുറവും അതിമനോഹരം. വിഭവങ്ങൾ വന്നുതുടങ്ങി. ചപ്പാത്തി, പൊറോട്ട, ചിക്കൻ, മട്ടൻ, ബീഫ് എന്നിങ്ങനെ.... എനിക്കാവശ്യം അല്പം ചോറും കറിയും, അതു മാത്രമില്ല!

ഇന്നത്തെ നമ്മുടെ വിദ്യാലയങ്ങൾ ഹൈടെക് ആക്കിയപ്പോഴത്തെ അവസ്ഥയും ഏതാണ്ടിതുപോലെയല്ലേ എന്നു തോന്നിപ്പോകുന്നു. സർക്കാരിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹം തന്നെ. സ്കൂളുകളെല്ലാം ഹൈടെക് ആക്കിയ കാര്യത്തിൽ. പക്ഷേ കുട്ടികൾക്കാവശ്യമായതു കൊടുക്കാൻ പറ്റുന്നുണ്ടോ?

പാഠങ്ങൾ പഠിപ്പിക്കുന്നതിനോടൊപ്പം ശീലങ്ങൾക്കൂടി അഭ്യസിച്ചാലേ വിദ്യാഭ്യാസമാകൂ. പരിശീലനം എന്ന വാക്കിന്റെ അർത്ഥം തന്നെ ശീലങ്ങൾ പാലിക്കലാണ്. അച്ചടക്കം, കൃത്യനിഷ്ഠത, കർത്തവ്യബോധം, സ്നേഹം, സേവനം, ത്യാഗം എന്നിങ്ങനെ. ഓൺലൈൻ വന്നതോടെ സ്വായത്തമാക്കിയ ശീലങ്ങൾ പോലും ഇല്ലാതായി. പകരം ദുശ്ശീലങ്ങൾ സ്വായത്തമാക്കാനും ഇടയായി. ഓൺലൈൻ പഠനത്തിലെന്ന വ്യാജേന കുട്ടിക്കിഷ്ടപ്പെട്ട സ്റ്റണ്ടുഫിലിമോ, അരുതാത്ത കാഴ്ചകളോ ഗുരുമുഖത്തു നോക്കിക്കൊണ്ടുതന്നെ ആസ്വദിക്കാൻ പറ്റുന്ന അവസ്ഥ!

വിദ്യാഭ്യാസത്തിനു രണ്ടു ഘടകങ്ങളുണ്ട്-കുട്ടികളിൽ ഒളിഞ്ഞു കിടക്കുന്ന സിദ്ധികൾ കണ്ടെത്തി പുറത്തു കൊണ്ടുവരിക. ഉള്ള സിദ്ധികൾക്കു അനുയോജ്യവും സമൂഹത്തിനു നന്മവരുന്നതുമായ വിധത്തിൽ പരിശീലനം നൽകുക. വിദ്യാഭ്യാസം എന്ന പദത്തിന്റെ വ്യുത്പത്തി പരിശോധിച്ചാൽ ഇതു വ്യക്തമാകും. എദൂച്ചരെ (Educere to bring out – പുറത്തുകൊണ്ടുവരിക) എന്നും എദൂക്കാരെ (Educare to bring up – പരിശീലിപ്പിക്കുക) എന്നുമുള്ള രണ്ടു ലത്തീൻ പദങ്ങൾ സമന്വയിച്ചാണ് എഡ്യൂക്കേഷൻ എന്ന പദം രൂപംകൊള്ളുന്നത്. ഈ രണ്ടു കാര്യങ്ങളും നമ്മുടെ വിദ്യാഭ്യാസത്തിൽ ഫലപ്രദമായി നടക്കുന്നില്ല.

ആത്യന്തികമായി വിദ്യാഭ്യാസം എന്നു പറയുന്നത് ഇന്ററാക്ഷനാണ് (Interaction) സംവേദനവും പ്രതികരണവുമെല്ലാമുള്ള പ്രക്രിയ. ഓൺലൈനിൽ എന്തു സാധ്യമാകും? ഇന്നിപ്പോൾ കണക്ടിവിറ്റി (Connectivity) മാത്രമേയുള്ളൂ! ഇന്ററാക്ഷൻ ഇല്ല.

ഇന്നത്തെ സാഹചര്യത്തിൽ, ഓൺലൈൻ വിദ്യാഭ്യാസമല്ലാതെ മറ്റു മാർഗ്ഗമൊന്നുമില്ല. പരിധിക്കും പരിമിതിക്കും ഉള്ളിൽ നിന്നുകൊണ്ട് എങ്ങനെ കാര്യങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാമെന്നാണു ചിന്തിക്കേണ്ടത്. രണ്ടു മണിക്കൂർ സമയം ഓൺലൈൻ ക്ലാസുകൾ നിർബന്ധമാക്കിയിരിക്കുകയാണല്ലോ. ഒരുവിധത്തിൽ പറഞ്ഞാൽ, ഇംപോസിഷൻ പോലെയാണിത്. എന്നാൽ, അദ്ധ്യാപകർ ശ്രദ്ധിച്ചാൽ ഇതൊരു കോംപോസിഷനായി മാറ്റാം. ആശയവിനിമയം വിരസമാക്കാതിരിക്കാനുള്ള ടെക്നിക്കുകൾ അദ്ധ്യാപകർ കണ്ടെത്തണം.

കുട്ടികളുടെ മാത്രമല്ല, അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും പിരിമുറുക്കം രൂക്ഷമാണ്. ഇതു കുറയ്ക്കാനുള്ള മാർഗ്ഗങ്ങൾ തേടണം. കുട്ടികളുമായുള്ള വ്യക്തിബന്ധം കൂടുതൽ ശക്തിപ്പെടുത്തണം. അത്ര വിദഗ്ധമായിട്ടല്ലെങ്കിലും അവർക്കു കൗൺസിലിംഗ് കൊടുക്കാനും ശ്രമിക്കണം.

## English We Can

### Take a flyer

തീർച്ചയില്ലാത്ത കാര്യത്തിൽ തീരുമാനമെടുക്കുക എന്നർത്ഥം

Eg: The captain took a flyer by playing four fast bowlers in his team.

### With flying colours

വളരെ മികച്ച രീതിയിൽ എന്നർത്ഥം

Eg: He passed the examination with flying colours.

### Fly high

മതിമറന്ന്, വിജയാഹ്ലാദത്തോടെ എന്നൊക്കെയാണ് ഇതിനർത്ഥം

Eg: Raju was flying high after winning the tournament.

### Fly off the handle

പെട്ടെന്ന് ദേഷ്യത്തോടെ പ്രതികരിക്കുക എന്നാണ് ഇതിനർത്ഥം


Eg: He will fly off the handle if you ask this question to him.

### Go fly a kite

'ശല്യപ്പെടുത്താതെ സ്ഥലം വിട്' എന്ന അർത്ഥത്തിൽ പറയുന്നതാണിത്.

Eg: Let me finish this exercise. You go fly a kite.

# ഇങ്ങനെയുള്ള ശുശ്രൂഷ






**ജീവസന്ദേശം**

ടി.എം. വർഗ്ഗീസ് ഓതറ

**വി**ജയം അടിസ്ഥാനമാക്കിയുള്ള ഒരു പ്രവർത്തന മേഖലയാണല്ലോ ഇന്നു മാനവ ലോകത്തിൽ എവിടെയും കാണുന്നത്. ഏതു മണ്ഡലമായാലും ജീവിതം വിജയകരമാക്കണം എന്നുള്ളതാണ് ഏവരുടെയും ലക്ഷ്യം. ക്രിസ്തീയ പ്രവർത്തന രംഗത്തും ഈ ഉദ്ദേശ്യം തന്നെയാണു വെളിപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇത് നല്ല ഉദ്ദേശ്യം തന്നെയാണ്. പ്രവർത്തനത്തിന് ഒരു ലക്ഷ്യം ആവശ്യമാണല്ലോ. എന്നാൽ ലോകം നല്കുന്ന അളവുകോൽകൊണ്ടാണോ നാം ക്രിസ്തീയ പ്രവർത്തനത്തിന്റെ വിജയാപജയങ്ങൾ അളക്കുന്നത്?

വേദപുസ്തകത്തിലെ പ്രവാചകന്മാരുടെ ശുശ്രൂഷയെപ്പറ്റിയും അവർ പ്രവചിച്ച കാലത്തെപ്പറ്റിയും പഠിച്ചാൽ ക്രിസ്തീയ ശുശ്രൂഷയ്ക്കു ലഭിക്കുന്ന ഫലം വളരെ വ്യത്യസ്തപ്പെട്ടതാണ് എന്നു നമുക്കു മനസ്സിലാകും. ചില പ്രവാചകന്മാർ പ്രവചിച്ച കാലം പ്രവാചകൻ ഉറക്കെ നിലവിളിച്ചു പറഞ്ഞാലും കേൾക്കാൻ ആരുമില്ലാത്ത കാലങ്ങളിലായിരുന്നു. ജനം ദുഷ്ടത പ്രവർത്തിച്ച് ദൈവത്തിൽനിന്നകന്ന് ജീവിക്കുമ്പോൾ ദൈവം ന്യായവിധിയുടെ ദൂത് ആയിരിക്കാം പ്രവാചകന്മാരെ ഏൽപ്പിക്കുന്നത്. അപ്പോഴും ദൈവത്തിൽനിന്നു വല്ല വിടുതലിന്റെയും അനുഗ്രഹത്തിന്റെയും ദൂത് ലഭിക്കുമെന്നായിരിക്കും മനുഷ്യർ ആഗ്രഹിക്കുന്നത്. ഇന്നും ശാരീരികമായും വസ്തുമയമായും ഉള്ള നേട്ടങ്ങൾക്കുവേണ്ടിയുള്ള ദൂതു കേൾക്കുന്ന സ്ഥാനത്തേക്കും അതറിയിക്കുന്ന ക്രിസ്തീയ പ്രവർത്തകരുടെ അടുക്കലേക്കും ആണല്ലോ ജനം ഓടുന്നത്. എന്നാൽ ദൈവം ഭരമേൽപ്പിച്ച ന്യായവിധിയുടെ ദൂത് പ്രവാചകൻ വിളിച്ചുപറയുമ്പോൾ അതു കേൾക്കാൻ ജനം ഇഷ്ടപ്പെടുകയില്ല. ദൈവത്തിന്റെ ദൂത് വിളിച്ചുപറയുന്ന പ്രവാചകന്മാരും ഏറെയില്ല.



യിരെമ്യാപ്രവാചകൻ ഇപ്രകാരമുള്ള ഒരു കാലത്തായിരുന്നു ജീവിച്ചത്. യിരെമ്യാപ്രവാചകന്റെ ശുശ്രൂഷ വിജയത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി നോക്കിയാൽ, അത് ഒരു പരാജയം ആയിരുന്നു എന്നു തോന്നിപ്പോകും. അറുപത്തഞ്ച് വർഷക്കാലം ദൈവത്തിനുവേണ്ടി ദൂത് വിളിച്ചു പറഞ്ഞിട്ടും വലിയ നേട്ടം ഒന്നുമുണ്ടായതായി നാം കാണുന്നില്ല. ജനം അനുതപിച്ചു എന്ന് ഒരു ഭാഗത്തുപോലും വായിക്കുന്നില്ല. എന്നാൽ ദൈവവചനത്തിന്റെ അമ്പത്തിരണ്ട് അദ്ധ്യായങ്ങൾ പ്രവാചകന്റെ സന്ദേശത്തിനുവേണ്ടി ദൈവം തന്റെ വചനത്തിൽ വേർതിരിച്ചിരിക്കുന്നു. മാത്രമല്ല, കർത്താവായ യേശുക്രിസ്തു ലോകത്തിൽ വന്നപ്പോൾ ഇവൻ യിരെമ്യാവോ എന്നു ചിന്തിക്കുമാറ് യേശുക്രിസ്തുവിന്റെ ജീവിതവും ശുശ്രൂഷയും പ്രവാചകന്റെ ശുശ്രൂഷയോട് സാമ്യമുള്ളതായിരുന്നു. അങ്ങനെയെങ്കിൽ വിജയകരമായ ക്രിസ്തീയ ശുശ്രൂഷയുടെ രഹസ്യം എന്തായിരിക്കും?

അപ്പൊസ്തലനായ പൗലൊസ് തന്റെ ശുശ്രൂഷയെപ്പറ്റി പറഞ്ഞത് അ.പ്രവൃത്തി 20:19-24 വരെയുള്ള വാകൃങ്ങളിൽ കാണുന്നു. വളരെ താഴ്മയോടും കണ്ണുനീരോടും കഷ്ടങ്ങളോടും കൂടെ കർത്താവിനെ സേവിച്ചു. പൗലൊസിന് ജീവിതം മുഴുവൻ ഒരു സേവനമായിരുന്നു. ഇതു തന്റെ സാക്ഷ്യത്തിൽ പലപ്പോഴും പറഞ്ഞിട്ടുണ്ട്. എന്റെ ഉടയവനും ഞാൻ സേവിച്ചുവരുന്നവനുമായ ദൈവം (അ.പ്ര.27:23).

അവന്റെ ഉടയവൻ യേശുവാണെന്നുള്ള ഉറപ്പ് അവനുണ്ടായിരുന്നു. ജീവിതം ഈ ഉടയവനുവേണ്ടിയുള്ളതാണെന്നും അവന് ഉറപ്പുണ്ടായിരുന്നു. ദൈവദാസൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നവരാകരുത്. മനുഷ്യരെ പ്രസാധിപ്പിക്കുന്നുവെങ്കിൽ ദൈവത്തിന്റെ ദാസനായിരിപ്പാൻ സാദ്ധ്യമല്ല. സ്വർഗ്ഗത്തിലെ യജമാനനെ സേവിക്കുന്നവൻ മനുഷ്യരെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുന്നില്ല. ഓട്ടക്കളത്തിൽ ഓടുന്നവർ, കാണികളുടെ സന്തോഷത്തിനായി ഓടുന്നവരല്ല. അവർ, അവർക്ക് ലഭിക്കുവാനുള്ള വിരുതിനായിട്ടത്രെ ഓടുന്നത്. അവർ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കിക്കൊണ്ടത്രെ ഓടുന്നത് (എബ്രാ.12:1).

യഹോവയുടെ ആലോചനയ്ക്കു ചെവികൊടുക്കുന്നവനത്രെ ദാസൻ. യജമാനന്റെ ഇഷ്ടം അറിയണം; അത് പൂർണ്ണമായി അനുസരിക്കണം. ദാസന്മാർ എന്ന പദവിയിൽനിന്ന് നമുക്ക് ഉദ്യോഗക്കയറ്റം ഒരു നാളും ലഭിക്കുന്നതല്ല. നാം ദാസന്മാരായി ജീവിക്കുകയും ദാസന്മാരായിത്തന്നെ മരിക്കുകയും ചെയ്യും. ദൈവം നമ്മെ നല്ലവനും വിശ്വസ്തനുമായ ദാസൻ എന്നത്രെ വിളിക്കുവാൻ കാത്തിരിക്കുന്നത്. സേവനം ഒരു ബദ്ധപ്പാടല്ല, ദൈവം ഏൽപ്പിച്ചത് തികെക്കുകയാണ് നമ്മുടെ ഉത്തരവാദിത്വം.

ദാസൻ തന്റെ സേവനം വളരെ താഴ്മയോടുകൂടെയാണ് ചെയ്യേണ്ടത്. ഉന്നതഭാവത്തിൽ നിന്നുള്ള വിടുതൽ ഫലകരമായ ശുശ്രൂഷയ്ക്ക് ആവശ്യമാണ്. ഞാൻ ആകുന്നതു കൃപയാൽ ആകുന്നു (1 കൊരി.15:10) എന്നും ഞങ്ങളുടെ പ്രാപ്തി ദൈവത്തിന്റെ ദാനമത്രെ എന്നും (2 കൊരി.3:5) പറഞ്ഞിട്ടുണ്ട്. ദൈവത്തെ സേവിക്കുന്നത് നമ്മുടെ സ്വന്ത ശക്തിയാലല്ല; നമ്മുടെ ബലഹീനതയിൽ തികഞ്ഞുവരുന്ന ദൈവശക്തിയിലൂടെയത്രെ. അതിനാൽ നമുക്കു പുകഴുവാനൊന്നുമില്ല.

താഴ്മയോടെ മാത്രമല്ല കണ്ണുനീരോടു കൂടെയുമത്രെ അപ്പോസ്തലൻ ശുശ്രൂഷ ചെയ്തത്. നശിച്ചുപോകുന്ന സഹോദരവർഗ്ഗത്തിനുവേണ്ടി അവനു ദുഃഖവും ഹൃദയത്തിൽ ഇടവിടാതെ നോവുമുണ്ട് എന്നു പറയുന്നു (റോമ.9:1-2). കൊരിന്തിലെ വിശ്വാസികളുടെ ആത്മീകമായ പിന്മാറ്റത്തിൽ അവൻ കണ്ണുനീർ ഒഴുക്കി (2 കൊരി.2:4). പിന്മാറിപ്പോകുന്ന വിശ്വാസിയെ കണ്ടു കുറ്റം വിധിക്കുകയല്ല, അവനുവേണ്ടി കണ്ണുനീർ ഒഴുക്കുകയത്രേ വേണ്ടത്. അവൻ ബുദ്ധി ഉപദേശിച്ചു ഇടവിടാതെ കണ്ണുനീർ ഒഴുക്കിക്കൊണ്ടത്രെ ശുശ്രൂഷ ചെയ്തത് (അ.പ്ര.20:31). കണ്ണുനീരോടെ പ്രബോധിപ്പിക്കുന്നവരെ ഇന്നും ആവശ്യമത്രെ. കഷ്ടങ്ങളിൽ കൂടെയിരിക്കുന്ന ദൈവമാണു നമുക്കുള്ളത്.

ഇങ്ങനെയുള്ള ശുശ്രൂഷ തികയ്ക്കേണം എന്നു പൗലൊസ് ആഗ്രഹിച്ചു. അതുകൊണ്ടു നല്ലപോർ പൊരുതി ഓട്ടം തികച്ചു, വിശ്വാസം കാത്തു എന്നു പറയത്തക്കവിധം അവന് ഓട്ടം തികെയ്ക്കുവാൻ കഴിഞ്ഞു. കർത്താവെ! നീ എനിക്കു വെച്ചിരിക്കുന്ന ശുശ്രൂഷ തികയ്ക്കുവാൻ എനിക്കു കൃപ തരേണമെ എന്നായിരിക്കട്ടെ നമ്മുടെ വാഞ്ഛ.



# ബഹിരാകാശവും ബൈബിളും

**മ**നുഷ്യരുടെ ബഹിരാകാശസഞ്ചാരം മുൻപെങ്ങുമില്ലാത്ത രീതിയിൽ കൂടാൻ പോകുകയാണ്. ഇതിനിടെയാണ് പുതിയ കണ്ടെത്തലുമായി ഒരുകൂട്ടം ശാസ്ത്രജ്ഞർ എത്തിയിരിക്കുന്നത്. അവർ പറയുന്നത്: ദീർഘകാലം ബഹിരാകാശത്ത് കഴിയുന്നത് ഹൃദയം ചുരുങ്ങാൻ കാരണമായേക്കുമെന്നാണ്. അടുത്ത തലമുറയിലെ ബഹിരാകാശ സഞ്ചാരികൾക്ക് ഇത് ആശങ്കയുണ്ടാക്കുമെന്നും അവർ പറയുന്നു.

ബഹിരാകാശത്തു വച്ച് വ്യായാമം നടത്തിയാൽ പോലും ഇത് പരിഹരിക്കാനാകില്ല. ബഹിരാകാശത്തെ ഭാരമില്ലായ്മ ഹൃദയത്തിനേൽപ്പിക്കുന്ന ആഘാതം കുറയ്ക്കാൻ വ്യായാമത്തിനും സാധിച്ചേക്കില്ല. വിരമിച്ച ബഹിരാകാശ സഞ്ചാരിയായ സ്കോട്ട് കെല്ലിയുടെ ആരോഗ്യ വിവരങ്ങൾ പരിശോധിച്ചാണ് ഗവേഷകർ പുതിയ കണ്ടെത്തലുകൾ നടത്തിയിരിക്കുന്നത്. അദ്ദേഹം ബഹിരാകാശ നിലയത്തിൽ 2015ലും 2016ലുമായി ഒരു വർഷം താമസിച്ചിട്ടുണ്ട്. സ്പേസ് എക്സ് 2026ലും നാസ 2030കളിലും ബഹിരാകാശ യാത്രകൾക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോഴാണ് ഗവേഷകരുടെ പുതിയ കണ്ടെത്തൽ. സാന്ദ്രത കുറയുന്നത് അസ്ഥികൾ പെട്ടെന്നു പൊട്ടാൻ കാരണമാകാം. മസിലുകളുടെ ശക്തി കുറയാനും ദീർഘകാല ബഹിരാകാശവാസം ഇടവരുത്തുമെന്നാണ് കണ്ടെത്തിയിരിക്കുന്നത്.



**എന്താണ് ബഹിരാകാശ വാസികൾക്ക് സംഭവിക്കുന്നത്?**

ബഹിരാകാശത്ത് ഗുരുത്വാകർഷണം ഇല്ലെന്നതിനാൽ മസിലുകൾക്കു കാര്യമായ ജോലിയില്ല. എന്നാൽ, ഇതിനു പകരമായി ധാരാളം വ്യായാമം ചെയ്ത് മസിലുകളുടെ പ്രശ്നം പരിഹരിക്കാനായിരുന്നു ശ്രമം. എന്നാൽ ഓരോ തവണയും ബഹിരാകാശ സഞ്ചാരി എഴുന്നേറ്റു നിൽക്കുമ്പോൾ അയാളുടെ രക്തം കാലുകളിലേക്ക് വലിഞ്ഞിറങ്ങുന്നു. ഭൂമിയുടെ ഗുരുത്വാകർഷണത്തിനെതിരെ പ്രവർത്തിച്ചാണ് ഹൃദയം രക്തത്തെ ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് എത്തിക്കുന്നത്. ഇതുമൂലമാണ് ഹൃദയത്തിന്റെ വലുപ്പവും പ്രവർത്തനവും മാറ്റമില്ലാതെ തുടരുന്നത്. ഗുരുത്വാകർഷണം ഇല്ലാതെ വരുമ്പോൾ ഹൃദയത്തിന്റെ ഈ പ്രവർത്തനം കുറയുന്നു. അതിനാൽ ഹൃദയം ക്രമേണ ചുരുങ്ങുന്നു എന്നാണ് ഗവേഷകരുടെ കണ്ടെത്തൽ. ഗുരുത്വാകർഷണമുള്ളപ്പോഴും ഇല്ലാത്തപ്പോഴും ഇതിന്റെ വ്യത്യാസം അറിയാനാകുമെന്നാണ് പഠനത്തിന്റെ മുഖ്യഗവേഷകനും യൂണിവേഴ്സിറ്റി ഓഫ് ടെക്സസ് സൗത്ത് വെസ്റ്റേൺ മെഡിക്കൽ സെന്ററിലെ പ്രൊഫസറുമായ ബെഞ്ചമിൻ ഡി. ലേവൈൻ പറയുന്നത്. ദീർഘനേരം വ്യായാമം ചെയ്താൽ പോലും ഹൃദയത്തിന്റെ മസിലുകൾ ചുരുങ്ങുന്നത് കുറയുന്നില്ലെന്നത് തങ്ങളെ അത്ഭുതപ്പെടുത്തിയെന്നാണ് അദ്ദേഹം പറയുന്നത്.

കൂടുതൽ സമയം ബഹിരാകാശത്തു ചെലവിടാനായി മനുഷ്യർ ഇറങ്ങിത്തിരിക്കുന്ന ഇക്കാലത്ത് സൂക്ഷ്മ ഗുരുത്വാകർഷണത്തിന്റെ ഫലങ്ങളെക്കുറിച്ച് കൂടുതൽ പഠനങ്ങൾ വേണമെന്നാണ് ഗവേഷകർ പറയുന്നത്.. പ്ലാസ്മ പോലെയുള്ള ദ്രാവകങ്ങൾ ശരീരത്തിന്റെ പല ഭാഗത്തേക്കുമായി നഷ്ടപ്പെടുന്നു. പ്ലാസ്മയിലാണ് ചുവന്ന രക്താണുക്കൾ ഉള്ളത്. പ്ലാസ്മ കുറഞ്ഞാൽ ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഓക്സിജൻ എത്തിക്കാൻ വേണ്ട രക്തത്തിന്റെ അളവു കുറയുന്നു. തന്നെയുമല്ല, ഓർത്തോസ്റ്റാറ്റിക് ഇന്റോളറൻസ് എന്നറിയപ്പെടുന്ന ഒരു മാറ്റവും ശരീരത്തിനു സംഭവിക്കുന്നുണ്ട്. ഭൂമി മാത്രമേ മനുഷ്യനു വാസയോഗ്യമായിട്ടുള്ളൂ എന്ന ബൈബിളിലെ പ്രസ്താവന എത്രയോ യാഥാർത്ഥ്യമായ ഒരു വസ്തുതയാണ്.

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# കെണിയിൽ വീണ കിളികൾ

നാട്ടിൻപുറത്തെ ഒരു മരച്ചുവട്ടിൽ തല കുനിച്ച് തങ്ങളുടെ ഫോണിൽ നോക്കിയിരിക്കുന്ന യുവാക്കൾ, കുറച്ചുമാറി തലയുയർത്തി പരസ്പരം സൊറ പറഞ്ഞിരിക്കുന്ന കുറച്ചു വൃദ്ധർ. 'തല കുനിച്ച് യുവത്വം, തലയുയർത്തി വാർധക്യം' എന്ന അടിക്കുറിപ്പോടെ സമൂഹമാധ്യമ ഗ്രൂപ്പുകളിൽ അടുത്തകാലത്ത് വൈറലായ ഒരു ചിത്രമാണിത്. വർധിച്ചുവരുന്ന സ്മാർട്ട് ഫോൺ ഉപയോഗത്തെ വിമർശിക്കുന്നതായിരുന്നു ഈ ചിത്രമെങ്കിലും തല കുനിച്ചിരുന്നാണെങ്കിലും സൊറ പറയാനും ചർച്ചകൾ നടത്താനും അതേ സ്മാർട്ട് ഫോണിൽ ഒരു ആപ് വന്നു. ക്ലബ്ബ് ഹൗസ്.

കോവിഡും ലോക്ഡൗണും മൂലം ഒന്നിച്ചിരുന്നുള്ള 'വെടിവട്ടം പറച്ചിൽ' മിസ്സായത് നാട്ടിലെ സീനിയർ സിറ്റിസൺസിനാണെങ്കിലും തല കുനിച്ചിരിക്കുന്നവരെന്ന് ആക്ഷേപം കേട്ട യുവജനതയ്ക്കിടയിലാണ് ക്ലബ്ബ് ഹൗസ് ഹിറ്റായത്. എഴുത്തുകളിലൂടെയും ട്രോളുകളിലൂടെയും സമൂഹമാധ്യമങ്ങളിൽ പ്രതികരിച്ചിരുന്നവരുടെ ഇടയിലേക്ക് ക്ലബ്ബ് ഹൗസ് എന്ന വോയ്സ് ആപ് എത്തിയതോടെ കാര്യങ്ങൾ കീഴ്മേൽ മറിയാൻ അധികകാലം വേണ്ടിവന്നില്ല. കഷ്ടിച്ച് രണ്ടാഴ്ച കൊണ്ട് പലരുടെയും സ്മാർട്ട് ഫോണിലെ അത്യന്താപേക്ഷിക ആപ്പായി ക്ലബ്ബ് ഹൗസ് മാറി.

'Social media is about sociology and psychology more than technology'എന്നതാണ് സമൂഹമാധ്യമങ്ങളെക്കുറിച്ച് സമൂഹമാധ്യമങ്ങളിൽ തന്നെ പ്രചരിക്കുന്ന ഏറ്റവും ലളിതമായ നിർവ്വചനം. രൂപഭാവങ്ങളും സാങ്കേതികതകളുമൊക്കെ പലതാണെങ്കിലും എല്ലാ സമൂഹമാധ്യമങ്ങളുടെയും പ്രധാന ഉദ്ദേശം ഒന്നുതന്നെ. ആളുകളെ തമ്മിൽ ബന്ധിപ്പിക്കുക. ഈ തറവാട്ടിലെ കാരണവരായ ഓർക്കുട്ട് മുതൽ ഇളമുറക്കാരനായ ക്ലബ്ബ് ഹൗസ് വരെ ചയ്തുകൊണ്ടിരിക്കുന്നതും അതുതന്നെ. ഇരുതലമൂർച്ചയുള്ള വാളെന്ന ക്ലീഷേ വിശേഷണം സോഷ്യൽമീഡിയയ്ക്കുണ്ട്. അതായത് സൂക്ഷിച്ച് ഉപയോഗിച്ചില്ലെങ്കിൽ കൈ മുറിയുമെന്ന് അർത്ഥം. പക്ഷേ ഒട്ടും ക്ലീഷേ അല്ലാത്ത ഡെമോക്ലീസിന്റെ വാളെന്ന വിശേഷണമാണ് ക്ലബ്ബ് ഹൗസിനുള്ളത്. അതായത് നമ്മുടെ കഴുത്തിനു മുകളിൽ ചിലപ്പോഴെങ്കിലും നമ്മുടെ നിയന്ത്രണത്തിനതീതമായി അപകടകരമാം വിധം ആടിക്കളിക്കുകയാണ് ക്ലബ്ബ് ഹൗസ്. മറ്റു സമൂഹമാധ്യമങ്ങളിലേതു പോലുള്ള ഒരു പ്രൈവറ്റ് സ്പേസ് 'ക്ലബ്ബ്' ഹൗസിലില്ല. അതുതന്നെയാണ് ഈ ആപ്പിന്റെ ഏറ്റവും വലിയ ന്യൂനതയും. ഫെയ്സ്ബുക്ക്, ഇൻസ്റ്റാഗ്രാം എന്നിവവഴിയുള്ള പ്രണയ, പണത്തട്ടിപ്പുകളും മറ്റും സർവ്വസാധാരണമായിരിക്കുന്ന ഇക്കാലത്ത് ക്ലബ്ബ് ഹൗസ് പോലൊരു ആപ്പ് സൃഷ്ടിക്കാൻ പോകുന്ന പുതിയ പൊല്ലാപ്പുകൾ ഏറെയായിരിക്കുമെന്നാണ് വിദഗ്ധർ പറയുന്നത്.



### ഓൺലൈൻ ക്ലാസ് ക്ലബ്ബ് ഹൗസിലാണത്രേ!

കോവിഡ് വരുന്നതിനു മുൻപുള്ള കാലത്ത് ക്ലാസ് കട്ട് ചെയ്ത് സിനിമയ്ക്കു പോകുന്നതും കറങ്ങാൻ പോകുന്നതുമൊക്കെയായിരുന്നു കുട്ടികളുടെ വികൃതികൾ. എന്നാൽ ക്ലാസുകൾ ഓൺലൈൻ ആയതോടെ ട്രെൻഡ് മാറി. ഓൺലൈൻ ക്ലാസ്സാണെന്നുപറഞ്ഞ് മറ്റ് ആപ്പുകളിൽ കയറി അഭ്യാസം നടത്തുകയാണ് ചില വിരുതന്മാരെങ്കിലും. മിക്ക വിദ്യാർത്ഥികളുടെ കൈവശവും സ്മാർട്ട് ഫോണുണ്ട്. ഒപ്പം അതിവേഗ ഇന്റർനെറ്റും. ഓൺലൈൻ പഠനത്തിനായി നൽകിയിരിക്കുന്ന ഫോണുകളിൽ കുട്ടികൾ എന്താണ് ചെയ്യുന്നതെന്ന് മിക്ക രക്ഷിതാക്കളും ശ്രദ്ധിക്കാറില്ല, അല്ലെങ്കിൽ ശ്രദ്ധിക്കാൻ സമയം കിട്ടാറില്ല. ചിലർക്കെങ്കിലും അതിലെ സാങ്കേതികവിദ്യകൾ അപരിചിതവുമാണ്. പീരിയോഡിക് ടേബിളിന്റെ ഒടിഞ്ഞ കാലു മാറാൻ കാശ് വാങ്ങിയിരുന്നവർ കഴിഞ്ഞ തലമുറയിലുണ്ടെങ്കിൽ പ്ലേസ്റ്റോറിൽ പോയി സൂം ആപ് വാങ്ങാൻ പണം വാങ്ങുന്നവർ ഈ തലമുറയിലുണ്ട്.

ഫെയ്സ്ബുക്കും ഇൻസ്റ്റയും ഉപയോഗിച്ച് നേരിൽ കണ്ടിട്ടുപോലുമില്ലാത്ത നിരവധി പേരുമായി സൗഹൃദമുണ്ടാക്കുന്ന കുട്ടികൾ നമുക്കിടയിലുണ്ട്. എന്നാൽ, ഈ സുഹൃത്തുക്കളിലെ വ്യാജന്മാരെയും തട്ടിപ്പുകാരെയും മനസ്സിലാക്കാൻ അവരിൽ പലർക്കും സാധിക്കുന്നില്ല. ക്ലബ്ബ് ഹൗസ് തരംഗമാകുമ്പോൾ അവിടെയും എണ്ണത്തിൽ മുന്നിൽ കുട്ടികളാണ്. തങ്ങൾക്ക് ഒരു പരിചയവുമില്ലാത്ത ഗ്രൂപ്പുകളിൽ തള്ളിക്കയറുന്ന പ്രായപൂർത്തിയാകാത്ത കുട്ടികളുടെ എണ്ണം കുറവല്ല. നിലവാരം കുറഞ്ഞ അശ്ലീല, പൈങ്കിളി ചർച്ചകളിൽ ചിലരെങ്കിലും സമയം ചെലവിടുന്നു. മറ്റു സമൂഹമാധ്യമങ്ങളിൽ ഇതിനൊക്കെ ഒരു മറയുണ്ടെങ്കിൽ ക്ലബ്ബ് ഹൗസിൽ അതില്ല. പങ്കെടുക്കുകയും കേൾക്കുകയും ചെയ്യുന്ന ചർച്ചകൾ മറ്റെല്ലാവരും അറിയുമെന്നതിനാൽ അപകടങ്ങളേറെ.

### പെൺകുട്ടികൾക്കായി ആങ്ങളമാരുടെ ക്ലബ്ബ്

സൗഹൃദം, പ്രണയം തുടങ്ങി കൗമാരക്കാരെ ആകർഷിക്കുന്ന പല വിഷയങ്ങളും ക്ലബ്ബ് ഹൗസിൽ ചർച്ചയാകുന്നുണ്ട്. അവിഹിതത്തിനു താൽപ്പര്യമുണ്ടോ തുടങ്ങി കേൾക്കാൻ പാടില്ലാത്ത പലതും ഇത്തരം ഗ്രൂപ്പുകളിൽ പരസ്യമായി ചർച്ച ചെയ്യുന്നു. ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ അവിഹിതത്തെക്കുറിച്ച് ആണും പെണ്ണും തമ്മിൽ ചർച്ച ചെയ്യാൻ പാടില്ലെന്ന് നിയമം ഇല്ലെങ്കിലും ഇതിനിടയിൽ പെട്ടുപോകുന്ന കുട്ടികളുടെ കാര്യമാണ് കഷ്ടം. അഞ്ഞൂറും ആയിരവും പേർ പങ്കെടുക്കുന്ന വലിയ ചർച്ചാ ഗ്രൂപ്പുകളിലാണ് ഇതൊക്കെ നടക്കുന്നത്. അറിയാതെയാണെങ്കിലും ഇത്തരം 'മസാല ചർച്ചകളിൽ' പങ്കെടുക്കുന്നവരെ തിരഞ്ഞുപിടിച്ച് പിന്തുടർന്ന് ശല്യപ്പെടുത്തുന്നവരും നിരവധി.

### സിംഗളായി വരൂ... കമിറ്റഡായി പോകാം...

ക്ലബ്ബ് ഹൗസ് ചർച്ചകളുടെ വിഷയം കൂടുതൽ ആകർഷമാക്കുക എന്നതാണ് എപ്പോഴും അതിന്റെ മോഡറേറ്റർമാരുടെ ജോലി. തങ്ങൾ ടാർഗറ്റ് ചെയ്യുന്നവർക്കിടയിൽ എളുപ്പത്തിൽ ശ്രദ്ധ നേടുക എന്നതാണ് ലക്ഷ്യം. 'സിംഗളായി വരൂ... കമിറ്റഡായി പോകാം...' തുടർച്ചയായി നടക്കുന്ന ഒരു ക്ലബ്ബ് ഹൗസ് ചർച്ചയുടെ പ്രമേയം ഇതായിരുന്നു. ആയിരക്കണക്കിന് യുവതീയുവാക്കൾ പങ്കെടുത്ത ചർച്ചയിൽ (ചർച്ച എന്ന് സാങ്കേതികമായി പറയാം എന്നേയുള്ളൂ) പ്രായപൂർത്തിയാകാത്തവരും പങ്കെടുത്തിരുന്നു. ഒരു പരിചയവുമില്ലാത്തവരുമായി പുതിയ ബന്ധങ്ങൾ സ്ഥാപിക്കൽ ആണ് ഇത്തരം ചർച്ചകളുടെ മുഖ്യലക്ഷ്യം. യാതൊരു സ്വകാര്യതയുമില്ലാത്ത ചർച്ചയിൽ സ്വന്തം വ്യക്തിവിവരങ്ങൾ പങ്കിട്ട് തങ്ങളുടെ ഫെയ്സ്ബുക്ക്, ഇൻസ്റ്റ ഐഡിയിലേക്കും മറ്റുമൊക്കെ ക്ഷണിക്കുന്ന നിരവധിപ്പേരുണ്ട്. പ്രൊഫൈൽ പിക് കണ്ട് ആളെ തിരഞ്ഞെടുക്കൂ എന്ന് നിർബ്ബന്ധിക്കുന്നവരുമുണ്ട്. സിംഗിളായി വന്ന് ഒടുവിൽ തലയിൽ ഒഴിയാബാധകൾ ചുമക്കേണ്ട അവസ്ഥയിൽ പെൺകുട്ടികൾ എത്തും എന്ന് മറക്കരുത്.

### വാ വിട്ടു പറഞ്ഞാൽ പണി പാഴ്സലായി കിട്ടും

ക്ലബ്ബ് ഹൗസ് ചർച്ചയിൽ സംസാരിക്കാൻ എത്തുന്നവർക്ക് ചില വിരുതന്മാർ പണി കൊടുക്കുന്നുണ്ട്. ലൈംഗികതയെക്കുറിച്ച് നടന്ന ചർച്ചയുടെ ഓഡിയോയും അതിന്റെ സ്ക്രീൻഷോട്ടും പ്രചരിപ്പിച്ച് തന്നെ അപമാനിക്കാൻ ശ്രമിച്ചെന്ന് വയനാട് സ്വദേശിയായ യുവതി നൽകിയ പരാതി അതിലൊന്നാണ്. പോലീസ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് കേസെടുത്ത സംഭവത്തിൽ ഓഡിയോ റെക്കോർഡ് ചെയ്ത് പെൺകുട്ടികളുടെ ചിത്രങ്ങൾ സഹിതം യൂട്യൂബിൽ പ്രചരിപ്പിക്കുകയാണുണ്ടായത്. അതായത് റെക്കോർഡ് ചെയ്യാനുള്ള ഓപ്ഷൻ ക്ലബ്ബ് ഹൗസ് നൽകുന്നില്ലെന്ന് വച്ച് എന്തും തുറന്നുപറയാനുള്ള വേദിയാക്കി അതിനെ മാറ്റരുതെന്ന് അർഥം. ഒരു സിനിമ തിയറ്ററിൽ റിലീസ് ചെയ്യും മുൻപ് അതേ സിനിമ ടൊറന്റിൽ എത്തിക്കുന്ന 'സാങ്കേതിക വിദഗ്ധർ' നാട്ടിലുണ്ടെന്ന് മനസ്സിലാക്കുക. ലൈംഗിക വിവാദ ചർച്ചകളെല്ലാം ഇപ്പോൾ യൂട്യൂബിലും ഫെയ്സ്ബുക്കിലും വാട്സാപ്പിലും വൈറലാണ്. പലരുടെയും പ്രൊഫൈൽ ചിത്രങ്ങളും മറ്റു വിവരങ്ങളും ഉൾപ്പെടെയാണ് വോയ്സുകൾ പ്രചരിക്കുന്നത്. ഇതൊക്കെ കാരണം ജീവിതം തന്നെ തകർന്നേക്കാം, ചിലപ്പോൾ കോടതി കയറേണ്ടിയും വന്നേക്കാം.

### കെണിയിൽ വീണ കിളികൾ

എന്താണ് ക്ലബ്ബ് ഹൗസ്? എന്താണ് അവിടെ നടക്കുന്നത്? ഒന്നു നോക്കിക്കളയാം എന്നൊക്കെ വിചാരിച്ച് അവിടെ എത്തിയവരാണ് മിക്ക കുട്ടികളും. അവരിൽ പലരും പ്രൊഫൈലിൽ കൃത്യമായ വിവരങ്ങളും സ്വന്തം ഫോട്ടോയും നൽകിയാണ് ലോഗിൻ ചെയ്യുന്നത്. കണ്ണ് നല്ലതാണ്, മൂക്കിന് എടുപ്പുണ്ട്, ചുണ്ട് ചുവന്നിട്ടാണ്, പുരികം വളഞ്ഞിട്ടാണ്, സുന്ദരിയാണ് എന്നൊക്കെയുള്ള ക്ലബ്ബ് ഹൗസ് ആങ്ങളമാരുടെ പുകഴ്ത്തലുകളിൽ വീഴുന്ന പെൺകുട്ടികൾ പക്ഷേ സ്വയം കുഴിച്ച കുഴിയിൽ വീഴുകയാണെന്ന് മനസ്സിലാക്കുന്നില്ല. അറിയാതെയെങ്കിലും ഒരു ഗ്രീൻ സിഗ്നൽ കൊടുത്താൽ തീർന്നു. കെണിയിൽ വീണ കിളികളുടെ അവസ്ഥയാകും. അപ്പുറത്തുള്ളയാളുടെ ശബ്ദം മാത്രമാണ് നാം കേൾക്കുന്നതെന്ന് മനസ്സിലാക്കുക. അയാൾ ആരാണ്, എന്താണ് എന്നൊക്കെയുള്ളത് നമുക്ക് അജ്ഞാതമാണ്. ശബ്ദം മാത്രം കേട്ട് അബദ്ധത്തിൽ ചാടരുതെന്ന് ചുരുക്കം.

### ചില തമാശകൾ ക്രൂരമാകും

ക്ലബ്ബ് ഹൗസ് ചർച്ചകൾ തമാശയായി കണ്ടാൽ മതിയെന്നാണ് ചിലർ പറയുന്നത്. എന്നാൽ ഇത്തരം തമാശകൾക്കിടയിൽ വ്യക്തിവിവരങ്ങളും മറ്റും കൈമാറ്റം ചെയ്യപ്പെടുമ്പോൾ ഉണ്ടായേക്കാവുന്ന ചൂഷണങ്ങളും ദുരുപയോഗവും നിസാരമായി കാണാവുന്ന ഒന്നല്ല. ചർച്ചകളിൽ പങ്കെടുക്കുന്നവർക്ക് ഇതിന്റെ ഭവിഷ്യത്തുകളെക്കുറിച്ച് അറിയണമെന്നുമില്ല. പക്ഷേ ക്ലബ്ബ് ഹൗസ് ഇറങ്ങിയ നാൾ മുതൽ ഇതേ തമാശയ്ക്കും നേരമ്പോക്കിനും വേണ്ടി ഗ്രൂപ്പുകളായ ഗ്രൂപ്പുകൾ കയറിയിറങ്ങിയവരിൽ പലരും ഇന്നതിന്റെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. 'ആൺകുട്ടികളെ ആകർഷിക്കാൻ' എന്ന പേരിൽ നടന്ന ചർച്ചയിൽ വെറുതെ കൗതുകത്തിന് ഒരു അഞ്ചു മിനിറ്റ് കയറിയ പെൺകുട്ടിക്കു തന്റെ ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം പേജുകളിൽ നിറയെ സന്ദേശങ്ങളുടെ പെരുമഴ. 'തൽപരകക്ഷി' യാണെന്നോർത്ത് മുട്ടിവിളിച്ചതാണ് പലരും. ഒടുവിൽ ക്ലബ്ബ് ഹൗസ് അക്കൗണ്ട് ഡിലീറ്റ് ചെയ്തു, മറ്റു അക്കൗണ്ടുകൾ താൽക്കാലികമായി നിർത്തലാക്കി. അതായത് ഇനി എത്ര ആകർഷണീയമായ തലക്കെട്ടാണെങ്കിലും ഒരു ചർച്ചയിൽ കയറും മുൻപ് രണ്ടല്ല മൂന്നുവട്ടം ആലോചിക്കുക. ക്ലബ്ബ് ഹൗസ് ആപ് സൂക്ഷിച്ച് ഉപയോഗിക്കുകയെന്നതാണ് നാം ചെയ്യേണ്ടത്. ഗൂഗിളിലോ ഫെയ്സ്ബുക്കിലോ ഒക്കെ തിരയുന്നതുപോലെ ക്ലബ്ബ് ഹൗസിൽ ചെയ്യരുത്. അറിഞ്ഞോ അറിയാതെയോ ഉണ്ടാകുന്ന നമ്മുടെ ഒരു ക്ലിക്ക് പോലും പാരയാകാം. അതിനാൽ മറ്റു സമൂഹമാധ്യമങ്ങൾ കൈകാര്യം ചെയ്യുന്നതിനേക്കാൾ കുറച്ചുകൂടി ജാഗ്രതയോടെ ക്ലബ്ബ് ഹൗസ് ഉപയോഗിക്കുക. എന്തും വിളിച്ചു പറയാനുള്ള ഒരു വേദിയാക്കി അതിനെ മാറ്റാതിരിക്കുക. നാമറിയാതെ പോലും നമ്മെ നിരീക്ഷിക്കുന്ന ഒരുപാടുപേർ അവിടെയുണ്ടാകും. ഓരോ ക്ലിക്കും ജാഗ്രതയോടെ.



# കമ്മ്യൂണിസവും ക്രിസ്തുമതവും

## സാംസൺ കോട്ടൂരിന് വേദാഭിമാനിയുടെ മറുപടി

തുടർച്ച 3

**മാ**ർക്സാണ് ഹെഗലിനെക്കാൾ സുവിശേഷത്തിന്റെ ആത്മാവിനോട് വിശ്വസ്തത പുലർത്തുന്നതെന്ന് അലിസ്റ്റെയർ മാക്കിന്റയർ (Alistair Macintyre) അഭിപ്രായപ്പെടുന്നു. തൊഴിലാളി വർഗ്ഗത്തിന്റെ പ്രത്യേകത 'അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരു'മെന്ന നിലയിലാണ്. ക്രിസ്തീയ സുവിശേഷത്തിൽ സ്വത്ത് അന്യവത്കരണത്തിനു കാരണമാണ്. അത് സ്വായത്തമാക്കുന്നവരെ സ്വത്തു സ്വായത്തമാക്കുകയാണ്; മനുഷ്യൻ സ്വത്തിന്റെ ഉടമയെന്നതു മാറി സ്വത്ത് മനുഷ്യന്റെ ഉടമയാകുന്നു. ദൈവരാജ്യത്തിൽ ദരിദ്രർക്കാണ് പ്രവേശനം. സമ്പന്നരുടെയും ദരിദ്രരുടെയും അവകാശങ്ങൾ വിരുദ്ധമായി കണ്ടുകൊണ്ട് ദരിദ്രർക്ക് പ്രത്യേക പദവി നൽകുന്നത് അക്കാലത്തെ നീതിയില്ലാത്ത സമൂഹത്തിനെതിരായ വിധിന്യായമായി പരിഗണിക്കാം.

ഒന്നാം നൂറ്റാണ്ടിലെ പലസ്തീനിലെ 'ദരിദ്രരെ' 19-ാം നൂറ്റാണ്ടിലെ തൊഴിലാളി വർഗ്ഗവുമായി താദാത്മ്യപ്പെടുത്തുന്നതിൽ അപാകതകളുണ്ടെന്നു പറയാമെങ്കിലും അർത്ഥപൂർണ്ണമായ ഒരു താരതമ്യം ഇവിടെയുണ്ട്. സമാധാനത്തിന്റെയും അനുരഞ്ജനത്തിന്റെയും നല്ല ജീവിതത്തിന്റെയും ദർശനം, ക്രിസ്തുമതത്തിൽ നിന്ന് ഹെഗലിലൂടെയാണ് മാർക്സിനു ലഭിക്കുന്നത്. ഇവിടെ ഒരു പ്രശ്നമുണ്ട്. ഒരു പൊതുവായ സമീപനത്തിൽ നിന്ന് വിഭിന്നമായി ഒരു പ്രത്യേക സംഘടനയിലൂടെ അന്യവത്കരണം അവസാനിപ്പിക്കാനുള്ള ഒരു പരിപാടിയിലേക്ക് നീങ്ങുന്നുവെന്നതാണ് അത്. ക്രിസ്തുമതത്തിന്റെ പരലോക സങ്കല്പത്തിലാണ് ഹെഗൽ അതിന് മാർക്സിസവുമായുള്ള അടിസ്ഥാനപരമായ വ്യത്യാസം കാണുന്നത്. ലോകത്തിൽ തന്നെയുള്ള വിമോചനത്തിൽ താല്പര്യമുള്ളതാണ് ക്രിസ്തുമതം പ്രഖ്യാപിച്ച ദാരിദ്ര്യത്തിൽ നിന്നുള്ള മോചനം. ആദ്യം ഇവിടെ ഈ ലോകത്തിൽ തന്നെ അത് നടപ്പാക്കിക്കൊണ്ട് ആദ്യകാല ക്രിസ്തീയ സമൂഹം മാതൃക കാണിച്ചു. പിൽക്കാലത്താണ് ക്രിസ്തുമതം അതിനെ പരലോക കേന്ദ്രീകൃതമാക്കിത്തീർത്തത്.

എംഗൽസിന്റേത് ഒരു സമാധാനവാദ (pacifist) എവാൻജലിക്കൽ പശ്ചാത്തലമായിരുന്നു. സ്കൂൾ വിദ്യാഭ്യാസ കാലത്ത് മതത്തെപ്പറ്റി മാർക്സ് എഴുതിയ ലേഖനം ഇന്നും വിജ്ഞാനപ്രദമാണ്. മാർക്സ് അന്നു കരുതിയിരുന്നതിനെ എംഗൽസും കുറെയേറെ അംഗീകരിച്ചിരുന്നു. ഫ്യോവർബാക്കി (Fuerbach) ന്റെ മതേതര ക്രിസ്തുമതം രണ്ടുപേർക്കും പിൽക്കാല നിലപാടിലേക്ക് ഒരു പാലമായിത്തീർന്നു. അന്യവൽക്കരണം എന്ന തത്ത്വമുപയോഗിച്ചാണ് മാർക്സ് അർദ്ധദൈവശാസ്ത്ര വിശദീകരണത്തിൽ നിന്ന് അർദ്ധ സാമൂഹ്യശാസ്ത്ര വിശദീകരണത്തിലേക്ക് നീങ്ങുന്നത്. അന്യവത്കരണത്തെപ്പറ്റിയുള്ള മാർക്സിന്റെ ധാരണ ഒരു വലിയ അളവിൽ ക്രിസ്തുമതത്തിൽ നിന്ന് സ്വീകരിച്ചതാണ്.



സാമൂഹ്യ അനീതിയെപ്പറ്റി മാർക്സിന്റെ ആഖ്യാനവും വിമർശനവും വേദപുസ്തകത്തിലെ ആഖ്യാനവും വിമർശനവുമായി മിക്കയിടത്തും ഒത്തുചേരുന്നതാണ്. ഈ ഒത്തുചേരലിനെ വിവിധ കോണുകളിൽ നിന്ന് സമീപിക്കാം. നീതിക്ക് പരിഗണന നൽകാത്ത സമൂഹങ്ങളെ പഴയനിയമ പ്രവാചകന്മാരും യേശുക്രിസ്തുവും വിമർശിക്കുന്നു. ഇവർ വിഭാവന ചെയ്യുന്ന ചൂഷണ രഹിതമായ സാമൂഹ്യക്രമം തന്നെയാണ് പിൽക്കാലത്ത് മാർക്സ് വിഭാവന ചെയ്യുന്നതെന്ന് പറയാം. വേദഗ്രന്ഥത്തിലൂടെ മനുഷ്യന് ദൈവത്തിൽ നിന്നുള്ള സന്ദേശം പൂർണ്ണമായി നീതിയുള്ള ഒരു വ്യവസ്ഥിതി ഈ ലോകത്തിൽ തന്നെ കെട്ടിപ്പടുക്കണമെന്നതാണ്; ദൈവരാജ്യത്തിന്റെ ഭൂമിയിലെ പ്രതിഫലനമായി സ്വകാര്യസ്വത്തും സാമ്പത്തിക അസമത്വവും അപലപിക്കപ്പെടുന്നു. കമ്മ്യൂണിസത്തിന് അനുകൂലമായ, സാമ്പത്തിക ക്രമീകരണത്തിന്റെ നീതീകരിക്കാവുന്ന ഏക രൂപമാണ് ബൈബിളിൽ നാം കാണുന്നത്. സാമൂഹ്യനീതിയുടെ മാനദണ്ഡങ്ങളായി മാർക്സ് ഉയർത്തിക്കാട്ടുന്നത് ആദ്യകാല ക്രിസ്തീയ മാനവികത തന്നെയാണ്.

പ്രവാചക പാരമ്പര്യത്തിന്റെയും മാർക്സിസ്റ്റ് പാരമ്പര്യത്തിന്റെയും പ്രതീക്ഷ സമാധാനവും സ്വാതന്ത്ര്യവും നീതിയുമുള്ള ഒരു ഭാവിസമൂഹമാണ്; മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുന്നതിൽ നിന്ന് മുക്തമായ ഒരു സമൂഹം. പൂർണ്ണമായ സാമൂഹ്യ നീതിയുടെയും സമാധാനത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും ദർശനമാണ് ഇവിടെ. നന്മയും തിന്മയും തമ്മിൽ പോരാട്ടമെന്ന നിലയിലുള്ള ക്രിസ്തീയ വീക്ഷണം ചൂഷകരും ചൂഷിതരും തമ്മിലുള്ള പോരാട്ടമായി മാർക്സിസത്തിൽ വ്യാഖ്യാനിക്കപ്പെടുന്നു.

ദരിദ്രരുടെ അവസ്ഥയെപ്പറ്റയുള്ള ആകാംക്ഷ മാർക്സിസവും ക്രിസ്തുമതവും പങ്കുവയ്ക്കുന്നു. പക്ഷേ, ഇന്ന് രണ്ടു കൂട്ടരെ സംബന്ധിച്ചിടത്തോളം ഇത്തരം ആകാംക്ഷയോ വ്യാകുലതയോ ഉണ്ടോ എന്നത് സംശയമാണ്.

പുതിയനിയമം ശ്രദ്ധയോടെ വായിച്ചാൽ നീതിയും രക്ഷയും വേർപിരിക്കാൻ സാധിക്കാത്ത വിധം കെട്ടുപിണഞ്ഞു കിടക്കുന്നു എന്നു കാണാം.

അവൻ ശിഷ്യന്മാരുടെ നേരെ ദൃഷ്ടി തിരിച്ചു പറഞ്ഞു, "ദരിദ്രരായ നിങ്ങൾ സൗഭാഗ്യവാന്മാർ, ദൈവരാജ്യം നിങ്ങളുടേതാണ്. ഇപ്പോൾ വിശക്കുന്ന നിങ്ങൾ സൗഭാഗ്യവാന്മാർ; നിങ്ങൾക്ക് തൃപ്തി വരും" (ലൂക്കോ.6:20). **(തുടരും)**



# എല്ലാം മാറ്റിമറിക്കുന്ന പണം



**തീ**ക്ഷ്ണതയുള്ള ക്രിസ്തീയ പുരോഹിതനായിരുന്നു അദ്ദേഹം. (പേരു വെളിപ്പെടുത്താൻ കഴിയാത്തതിൽ ഖേദിക്കുന്നു) ദൈവവചന പ്രഘോഷണത്തോടൊപ്പം സാമൂഹിക പ്രവർത്തനത്തിലും അദ്ദേഹം തല്പരനായിരുന്നു. ദരിദ്രരെയും പീഡിതരെയും സഹായിക്കുന്നതിൽ അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചിരുന്നു.

പ്രേഷിത പ്രവർത്തനം ആരംഭിച്ച കാലഘട്ടത്തിൽ പാവങ്ങളോടുള്ള താല്പര്യം മൂലം അദ്ദേഹം ഇങ്ങനെ പറയുമായിരുന്നു: എനിക്ക് പണമുണ്ടായിരുന്നുവെങ്കിൽ പാവങ്ങളെ തീർച്ചയായും ഞാൻ സഹായിക്കുമായിരുന്നു. കാരണം, അത്രമാത്രം പ്രധാനപ്പെട്ട കാര്യമാണിത്.

അദ്ദേഹത്തിന്റെ പ്രസംഗം കേട്ടിട്ടുള്ളവരെല്ലാം പാവങ്ങളോടുള്ള അദ്ദേഹത്തിന്റെ സ്നേഹം എത്രമാത്രം അഗാധമാണെന്നു മനസ്സിലാക്കിയിരുന്നു. അതിന്റെ പേരിൽ അവർക്ക് അദ്ദേഹത്തോട് ഏറെ ബഹുമാനമായിരുന്നു.

താൻ ജോലിചെയ്തിരുന്ന അമേരിക്കയിലെ ടെക്സസ് സംസ്ഥാനത്തിൽത്തന്നെ അദ്ദേഹത്തിന് കുറെ സ്ഥലമുണ്ടായിരുന്നു. ഒരു സുപ്രഭാതത്തിൽ ആ സ്ഥലത്ത് സാമാന്യം വലിയ എണ്ണശേഖരം ഉണ്ടെന്നു കണ്ടുപിടിക്കപ്പെട്ടു. എണ്ണയുടെ വരുമാനമായി അദ്ദേഹത്തിന് ആദ്യം ലഭിച്ച ചെക്ക് ഒരു ലക്ഷത്തിലധികം ഡോളറിന്റേതായിരുന്നു.



ലോട്ടറിയടിച്ചതുപോലെ ധാരാളം പണം കിട്ടിയപ്പോൾ അദ്ദേഹം ആ പണംകൊണ്ട് എന്താണു ചെയ്തത്? പാവങ്ങളെ സഹായിച്ചോ? കൈനിറയെ പണം കിട്ടിയപ്പോൾ അദ്ദേഹം ആദ്യം ചെയ്തത് തനിക്കും കുടുംബത്തിനും വലിയ ഒരു വീടുപണിയുകയായിരുന്നു. അതിനുശേഷം ചലിക്കുന്ന കൊട്ടാരംപോലെയുള്ള ഒരു കാർ വാങ്ങി. അതോടൊപ്പം തന്റെ എല്ലാ ജീവിതസാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ.

പാവങ്ങളുടെ പ്രേഷിതനായി അറിയപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ പോക്കുകണ്ടപ്പോൾ പലരും അന്തംവിട്ടുപോയി. അവരിൽ ചിലർ അദ്ദേഹത്തെ സമീപിച്ച് പണ്ടുകാലത്ത് അദ്ദേഹം പാവങ്ങളെക്കുറിച്ചു പറഞ്ഞിരുന്ന കാര്യം ഓർമിപ്പിച്ചു. അപ്പോൾ അദ്ദേഹം നിസംഗതയോടെ പറഞ്ഞു: പണം എല്ലാ കാര്യങ്ങളും മാറ്റിമറിക്കുന്നു.

സങ്കടകരമായ കഥയാണിതെങ്കിലും നടന്ന സംഭവംതന്നെയാണിത്. ദൈവത്തിനും ദൈവജനത്തിനുംവേണ്ടി അർപ്പിതനായ ഈ പുരോഹിതനെ എത്ര വേഗത്തിലാണ് പണം മാറ്റിമറിച്ചത്! അദ്ദേഹത്തിന്റെ കാര്യത്തിൽ ഇങ്ങനെ സംഭവിച്ചുവെങ്കിൽ സാധാരണക്കാരായ നമ്മുടെയെല്ലാം ജീവിതത്തിൽ പണം എന്തെല്ലാം മാറ്റിമറിച്ചുകൂടായ്കയില്ല!

പണം എല്ലാ തിന്മകളുടെയും മൂലകാരണമാണെന്നു പറയാറുണ്ട്. എന്നാൽ ഇത് എപ്പോഴും ശരിയായിരിക്കണമെന്നില്ല. കാരണം പണക്കാരായ എത്രയോപേർ നല്ലവരായും നന്മചെയ്യുന്നവരായും നമ്മുടെയിടയിലുണ്ട്! പണത്തിന്റെ മാസ്മരിക ശക്തിക്കു വിധേയരാകാത്തവരാണിവർ.

എന്നാൽ പൗലോസ് പഠിപ്പിക്കുന്നതുപോലെ, പണത്തോടുള്ള സ്നേഹം എല്ലാ തിന്മകളുടെയും മൂലകാരണമാണ് (1 തിമൊത്തി.6:10) എന്നതിനെക്കുറിച്ച് സംശയം വേണ്ട. കാരണം പണത്തെ ആരു സ്നേഹിക്കുന്നുവോ അവർ ഏതെങ്കിലും രീതിയിൽ വഴിപിഴയ്ക്കുമെന്നതിനെക്കുറിച്ച് രണ്ടുപക്ഷമില്ല.

പണത്തോടുള്ള സ്നേഹം എന്നുപറയുമ്പോൾ പണത്തോടുള്ള ആർത്തിയാണ് ഇവിടെ വിവക്ഷിക്കുന്നത്. നമ്മുടെ അനുദിന ജീവിതത്തിൽ പണമില്ലാതെ നമുക്കു ജീവിക്കാനാവില്ല എന്നതു ശരിതന്നെ. എന്നാൽ നാം പണത്തെ എന്നു സ്നേഹിക്കുവാൻ തുടങ്ങുന്നുവോ അന്നുമുതൽ നമ്മുടെ ജീവിതത്തെ ഓരോരോ രീതിയിൽ അതു മാറ്റിമറിച്ചുകൊണ്ടിരിക്കും. അങ്ങനെ സംഭവിക്കാതിരിക്കണമെങ്കിൽ പണം നൽകുന്ന പ്രലോഭനത്തിൽനിന്നു നാം അകന്നുനിന്നേ മതിയാകൂ.

പതിനാറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബോഷ് എന്ന ചിത്രകാരൻ മരണാസന്നനായ ഒരു മനുഷ്യന്റെ മനോഹരമായ ഒരു ചിത്രം വരച്ചിട്ടുണ്ട്. മരണക്കിടക്കയിൽ കിടക്കുന്ന അയാളുടെ ഒരു വശത്തു നിൽക്കുന്നത് ഒരു മാലാഖയാണ്. അല്പം അകലെയായി വച്ചിരിക്കുന്ന യേശുവിന്റെ ചിത്രത്തിലേക്കു നോക്കുവാനാണ് മാലാഖ ആ മനുഷ്യനോട് ആവശ്യപ്പെടുന്നത്.

മാലാഖ നിൽക്കുന്നതിന്റെ മറുവശത്ത് നിലയുറപ്പിച്ചിരിക്കുന്നത് ഒരു പിശാചാണ്. ആ പിശാചിന്റെ കൈയ്യിൽ കെട്ടുകണക്കിന് പണമുണ്ട്. പണം കാണിച്ച് ആ മനുഷ്യനെ എളുപ്പത്തിൽ കൈയ്യിലെടുക്കാമെന്നാണ് പിശാചിന്റെ നിലപാട്.

ആരാണ് ഇവിടെ വിജയിക്കുന്നത്? പിശാചോ മാലാഖയോ? വാഷിംഗ്ടൺ ഡി.സി.യിലെ നാഷണൽ ആർട്ട് ഗാലറിയിലിരിക്കുന്ന ഈ ചിത്രം കാണുമ്പോൾ നാം ഓരോരുത്തരും ഇക്കാര്യം സംബന്ധിച്ച് വിധിയെഴുതുവാൻ നിർബ്ബന്ധിക്കപ്പെടും. കാരണം നമ്മുടെ ജീവിതവുമായി അത്രമാത്രം ബന്ധപ്പെട്ട ഒരു പ്രമേയമാണിത്.

മനുഷ്യനു പണത്തോടുള്ള അമിതമോഹമില്ലായിരുന്നുവെങ്കിൽ നമ്മുടെ ലോകം ഇപ്പോഴുള്ളതിൽനിന്ന് എത്രയേറെ മെച്ചപ്പെട്ടതാകുമായിരുന്നു! അതുപോലെ നമ്മുടെ ജീവിതവും ഇപ്പോഴുള്ളതിൽനിന്ന് എത്രമാത്രം ശ്രേഷ്ഠമാകുമായിരുന്നു! ജീവിതത്തെ അപ്പാടെ മാറ്റിമറിക്കാനും നശിപ്പിക്കാനും ശക്തിയുള്ളതാണു പണം. നമ്മുടെജീവിതത്തെ ഇടിച്ചുതകർക്കുന്ന ശക്തിയല്ല, പ്രത്യുത കെട്ടിപ്പടുക്കുന്ന ശക്തിയാണ് പണം എന്ന് ഉറപ്പുവരുത്തുവാൻ നമുക്കു ശ്രദ്ധിക്കാം.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക





# വേദാഭിമാനിയുടെ മറുപടി



പഠനാവശ്യങ്ങൾക്ക് ബാംഗ്ലൂരിൽ പോയ എന്റെ മകൻ ലഹരിമരുന്നിന്റെ ഉപയോഗത്താൽ മാനസിക രോഗിയായി മാറി. ഇപ്പോൾ ലഹരി ഉപയോഗത്തിൽ നിന്ന് മോചനം കിട്ടിയെങ്കിലും മാനസികാരോഗ്യം വീണ്ടെടുക്കാനായിട്ടില്ല. പ്രാർത്ഥനയിൽ വിശ്വാസമുള്ളതിനാൽ പലയിടത്തും മോനെയും കൊണ്ട് പ്രാർത്ഥനയ്ക്ക് പോയെങ്കിലും പ്രയോജനമുണ്ടായില്ല. കൗൺസലിംഗ് നടത്തുന്ന ദൈവദാസന്മാരെ സമീപിച്ചെങ്കിലും മാറ്റമൊന്നുമില്ല. ശരിക്കും എന്താണ് കൗൺസലിംഗ്? അതിലൂടെ മാനസികരോഗം മാറുമോ? ഞാൻ ആരെയാണ് ഇതിനായി സമീപിക്കേണ്ടത്? ശരിയായ ഒരു മറുപടി തന്നാൽ അനേകർക്ക് ഇത് പ്രയോജനപ്പെടും

**– എം. കെ. സാമുവേൽ, കടമ്പനാട് സൗത്ത് പത്തനംതിട്ട**

**മാ**നസികാരോഗ്യ ചികിത്സാരംഗത്ത് മരുന്ന് ചികിത്സപോലെതന്നെ പ്രാധാന്യമുള്ള ഒരു ചികിത്സാരീതിയാണ് കൗൺസിലിംഗും സൈക്കോതെറാപ്പിയും. എന്നാൽ സമൂഹത്തിൽ ഈ ചികിത്സാ സമ്പ്രദായത്തെ വ്യാപകമായി തെറ്റിദ്ധരിപ്പിക്കുകയും കേവലം അതിനെ വെറും ഉപദേശമായി കണക്കാക്കി ആളുകളെ ചൂഷണം ചെയ്യുന്ന കുറേ ഉപചാപക സംഘങ്ങൾ നമ്മുടെ സമൂഹത്തിൽ കൂടിവരുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ എന്താണ് കൗൺസിലിംഗ് എന്നും സൈക്കോതെറാപ്പിയെന്നും നോക്കാം.

**എന്താണ് കൗൺസിലിംഗ്?**

സുരക്ഷിതവും വിശ്വാസയോഗ്യവുമായ അന്തരീക്ഷത്തിൽ ഒരു വ്യക്തിക്ക് തന്റെ പ്രയാസങ്ങളും പ്രശ്നങ്ങളും ഉള്ളു തുറന്ന് സംസാരിക്കുവാനും ചർച്ച ചെയ്യുവാനുള്ള അവസരം സൃഷ്ടിക്കുകയും ആ വ്യക്തിയുടെ കഴിവുകൾ പരിപോഷിപ്പിച്ച് സ്വയം തിരിച്ചറിയുവാനും യഥാർത്ഥ ബോധത്തിലേക്ക് തിരിച്ചെത്തുവാനും നടത്തുന്ന ശാസ്ത്രീയ ഇടപെടലുകളെയാണ് കൗൺസിലിംഗ് എന്നു പറയുന്നത്. അല്ലാതെ കേവലം ഉപദേശം കൊടുക്കലോ ആശ്വസിപ്പിക്കലോ അല്ല.

**ആരാണ് നൽകേണ്ടത്?**

മനഃശാസ്ത്രത്തിൽ ബിരുദാനന്തരബിരുദമുള്ള ഒരു സൈക്കോളജിസ്റ്റിനെയാണ് കൗൺസിലിംഗിന് സമീപിക്കേണ്ടത്.

**ഇനി എന്താണ് സൈക്കോതെറാപ്പി?**

കൗൺസിലിംഗും സൈക്കോതെറാപ്പിയും രണ്ടും രണ്ടാണ്. സൈക്കോതെറാപ്പി പ്രധാനമായും മാനസികാരോഗ്യ ചികിത്സയ്ക്കാണ് ഉപയോഗിക്കുക. ഉദാഹരണമായി വിഷാദരോഗങ്ങൾ, ഉത്ക്കണ്ഠ രോഗങ്ങൾ abessive compulsive disorder, personality disorder, കുട്ടികളിലെ പ്രധാന പ്രശ്നങ്ങൾ തുടങ്ങി ചെറുതും വലുതുമായ മാനസിക രോഗങ്ങൾക്ക് ഔഷധ ചികിത്സയോടൊപ്പം ഫലപ്രദമായി ഉപയോഗിക്കാറുണ്ട്. ശാസ്ത്രീയമായി പിൻബലമുള്ള നിരവധി സൈക്കോതെറാപ്പികൾ ലഭ്യമാണ്. ഒരു സൈക്കോതെറാപ്പിക്ക് മുന്നോടിയായി രോഗത്തിന്റെ തീവ്രതയും അതിന്റെ സ്വഭാവവും മനസ്സിലാക്കിയ ശേഷം ഒരു വ്യക്തിയുടെ വ്യക്തിത്വം, ചിന്തകൾ, വിചാരങ്ങൾ, വികാരങ്ങൾ, സ്വഭാവശീലങ്ങൾ എന്നിവയ്ക്ക് അനുയോജ്യമായ സൈക്കോതെറാപ്പി ശാസ്ത്രീയമായി രൂപപ്പെടുത്തിയിട്ടുള്ള വിവിധ സൈക്കോതെറാപ്പിശ്രേണിയിൽനിന്ന് തെരഞ്ഞെടുക്കുന്നു.



ഇതിനായി ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ ശാസ്ത്രീയമായി വികസിപ്പിച്ച വിവിധ മനഃശാസ്ത്ര ടെസ്റ്റുകൾ ഉപയോഗപ്പെടുത്തുന്നു. ഇങ്ങനെ ഘട്ടം ഘട്ടമായി സൈക്കോതെറാപ്പിയുടെ വിവിധ തലങ്ങളിലൂടെ രോഗിയെ നയിക്കുകയും തത്ഫലമായി രോഗങ്ങളും രോഗലക്ഷണങ്ങളും മാറ്റിയെടുക്കുവാൻ സഹായിക്കുകയും ചെയ്യുന്നു.

**ആരാണ് സൈക്കോതെറാപ്പി നൽകേണ്ടത്?**

സൈക്കോതെറാപ്പി വൈദഗ്ധ്യം ലഭിച്ച ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റാണ് നൽകേണ്ടത്. മനഃശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും ക്ലിനിക്കൽ സൈക്കോളജിയിൽ എം.ഫിൽ ബിരുദവും റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ ലൈസൻസ് ഉള്ളവരുമാണ് ഈ ചികിത്സ നൽകേണ്ടത്. ഈ ലൈസൻസ് ഇല്ലാതെ ഇന്ത്യയിൽ ചികിത്സിക്കുന്നത് നിയമവിരുദ്ധവും ശിക്ഷാർഹവുമാണ്.

**സൂക്ഷിക്കാം ഇവരെ**

വസ്തുതകൾ ഇങ്ങനെ ആണെന്നിരിക്കെ കേവലം ആറു ദിവസത്തെ വ്യാജ കൗൺസിലിംഗ് കോഴ്സുകളിൽ പങ്കെടുത്തും അല്ലെങ്കിൽ ആറുമാസത്തെ വിദൂര വിദ്യാഭ്യാസം വഴി സമ്പാദിച്ച ഏതെങ്കിലും കൗൺസിലിംഗ് കോഴ്സ് സർട്ടിഫിക്കറ്റുകളുടെ പിൻബലത്തിലും വ്യാജ കൗൺസിലർമാരും വ്യാജ മനഃശാസ്ത്ര ചികിത്സകരും കൂടി മാനസികാരോഗ്യ മേഖലയെ അർബുദംപോലെ കാർന്നുതിന്നുകയാണ്. നമ്മുടെ സമൂഹത്തിൽ ജനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള മാനസികാരോഗ്യപരമായ സേവനങ്ങൾ ആവശ്യമാണെങ്കിൽ ഇങ്ങനെയുള്ള വ്യാജന്മാരുടെ ചതിക്കുഴിയിൽ വീഴാതെ അടുത്തുള്ള ഒരു സൈക്യാട്രിസ്റ്റിനെയോ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ ലൈസൻസുള്ള ഒരു ക്ലിനിക്കിൽ സൈക്കോളജിസ്റ്റിനെയോ മാത്രം സമീപിക്കണം എന്നു പറയുന്നതിന്റെ കാരണം നമുക്കൊന്ന് പരിശോധിക്കാം.

ഒരു ചെറിയ മുറിവിന്, അല്ലെങ്കിൽ പനിക്കു നിങ്ങൾ ഏതു ഡോക്ടറെ കാണും? കാഴ്ചക്കുറവ് ബാധിച്ചാൽ ആരെ കാണും? എല്ലു പൊട്ടിയാൽ ആരെ കാണും? ഓരോ പ്രശ്നത്തിനും അതിൽ വൈദഗ്ധ്യം ഉള്ള ആളിനെ ആണല്ലോ കാണുന്നത്. മനസ്സിന്റെ ആവശ്യങ്ങളിൽ ആ കൃത്യത പാലിക്കുന്നുണ്ടോ എന്നു ആലോചിക്കേണ്ടതാണ്.

നമ്മിൽ എത്രപേർ ഒരു സൈക്കോളജിസ്റ്റിനെ കാണാൻ മുന്നിട്ടിറങ്ങിയിട്ടുണ്ട്? ഒരു മനഃശാസ്ത്രവിദഗ്ധനെ കാണാൻ തോന്നിയാൽ തന്നെ ആരെ കാണണം എന്നു നമ്മളിൽ എത്രപേർക്കറിയാം!

എല്ലാ ദിവസവും പല വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റിനു വേണ്ടിയുള്ള അന്വേഷണങ്ങൾ കാണാറുണ്ട്. അതുകൊണ്ടുകൂടിയാണ് ഇങ്ങനെയൊരു വിശദീകരണം നൽകേണ്ടി വന്നത്.

സൈക്കോളജിസ്റ്റ് എന്ന വലിയ വാക്കിന്റെ അടിയിൽ ഒരുപാട് തലങ്ങളുണ്ട്. ഓരോ വ്യക്തിയുടെയും വ്യത്യസ്തവും വ്യക്തിനിഷ്ഠവുമായ ആവശ്യങ്ങൾ അറിഞ്ഞു പ്രവർത്തിക്കാൻ ആളുകൾ ഉണ്ട്. ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റിൽ മാത്രം അതിനെ ഒതുക്കി നിർത്തരുത്.

ചില അവസരങ്ങളിൽ ഏതൊരു വ്യക്തിയും ഒരാളോടെങ്കിലും തുറന്നു സംസാരിക്കണം എന്ന് ആഗ്രഹിക്കാറുണ്ട്. മുൻധാരണകളില്ലാതെ വേറൊരു അർത്ഥത്തിലും വിലയിരുത്താതെ വെറുതെ സംസാരിക്കാനും, ഭാരം ഇറക്കിവയ്ക്കാനും വിശ്വസിക്കാവുന്ന ഒരു സുഹൃത്തിനെ പോലെ ഒരാൾ. അവിടെ നിങ്ങൾക്ക് രോഗനിർണ്ണയം ആവശ്യമില്ല. കാരണം നിങ്ങൾക്ക് അസുഖം ഇല്ല. അവിടെ നിങ്ങൾക്ക് ധൈര്യപൂർവ്വം ഒരു ദൈവദാസനെ സമീപിക്കാം. നിങ്ങൾ ഒരു കായികതാരം ആണ്, അതുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ ആണ് ചർച്ച ചെയ്യേണ്ടത് എങ്കിൽ ഒരു 'സ്പോർട്സ് സൈക്കോളജിസ്റ്റിനെ കാണൂ. മക്കളുടെ പഠനസംബന്ധമായ പ്രശ്നങ്ങൾ ആണ് നിങ്ങളെ അലട്ടുന്നത് എങ്കിൽ അതിൽ വൈദഗ്ധ്യം ഉള്ള സൈക്കോളജിസ്റ്റിനെ, അല്ലെങ്കിൽ എഡ്യൂക്കേഷണൽ സൈക്കോളജിസ്റ്റിനെ കാണൂ. ചില കാര്യങ്ങൾ എങ്ങിനെ കൈകാര്യം ചെയ്യണം എന്ന ഉപദേശം ആണ് വേണ്ടതെങ്കിൽ വ്യക്തിബന്ധങ്ങളിലെ ചില ബുദ്ധിമുട്ടുകൾ ആണെങ്കിൽ കൗൺസിലിംഗ് ചെയ്യുന്ന ഒരു സൈക്കോളജിസ്റ്റിനെ കാണൂ. ഒരു തരത്തിലും കൈകാര്യം ചെയ്യാൻ പറ്റാത്ത ഒരു മാനസിക രോഗമാണ് എങ്കിൽ തീർച്ചയായും ചികിത്സ വേണം. അതിനു ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റിന് ഒപ്പം സൈക്യാട്രിസ്റ്റിനെയും കാണൂ. തീർന്നില്ല ഇനിയും ഉണ്ട് തലങ്ങൾ. ഇതിനെ എല്ലാം കൂടി ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്ന തട്ടിൽ നിർത്തരുത്. നിങ്ങളുടെ പ്രശ്നങ്ങൾ വളരെ കൃത്യമായി കൈകാര്യം ചെയ്യാൻ ആളുകൾ ചുറ്റുമുള്ളപ്പോൾ എന്തിനു നമ്മൾ അതു ഉപയോഗിക്കാതെ ഉള്ളതുമാത്രം കൊണ്ട് തൃപ്തി കാണുന്നു!

വെറുതെയൊന്ന് ഇന്റർനെറ്റിൽ നോക്കിയാൽതന്നെ നിങ്ങൾക്ക് ഓരോ സ്പെഷിലൈസേഷൻ മേഖലയും വ്യക്തമാകും. അമേരിക്കൻ സൈക്കോളജിക്കൽ അസോസിയേഷൻ തന്നെ ഓരോന്നിനേയും വേർതിരിച്ചു പറയുന്നുണ്ട്. അമേരിക്കയിലെ സൈക്കോളജിസ്റ്റുകളിൽ മൂന്നിലൊന്ന് എന്നാണ് ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ കണക്ക്. നമ്മുടെ നാട്ടിൽ അതിലും കുറവാണ്. അവർ നിങ്ങളിലെ കഴിവുകളെ കണ്ടുപിടിച്ചു പരിപോഷിപ്പിക്കുന്നു. സൈക്കോളജിസ്റ്റുകൾ എല്ലാവരുംതന്നെ നിങ്ങളിലെ ആവശ്യം അറിഞ്ഞ് അതിനു വേണ്ട ചികിത്സയും ഉപദേശവും നൽകുന്നു. എല്ലാവരും രോഗനിർണ്ണയം നടത്തി ഒരു രോഗത്തിന്റെ പേര് പറഞ്ഞുതരും എന്നു പ്രതീക്ഷിക്കരുത്. പറയാത്തത് നിങ്ങൾക്ക് രോഗം ഇല്ലാത്തതു കൊണ്ട് മാത്രം. അവിടെ സൈക്കോളജിസ്റ്റ് നിങ്ങളുടെ കരുത്ത് വർദ്ധിപ്പിക്കാൻ ആണ് സഹായിക്കുന്നത്.

മനോരോഗങ്ങൾക്ക് മാനസികരോഗ ചികിത്സ വേണ്ടിവന്നേക്കും. അതിനു പരിശീലനം നേടിയ അംഗീകാരമുള്ള സൈക്കോളജിസ്റ്റിനെ മാത്രമേ സമീപിക്കാവൂ.

WEBSITE vedahimani.com
FACE BOOK vedahimani
MAIL vedahimani@gmail.com
YouTube vedabhimani

VEDABHIMANI
EXPERIENCE THE POWER OF TRUTH
Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 Sept: 2021 at RMS Kayamkulam
Published on Ist Sept: 2021
RNI Registered No. KERMAL/2002/7361

# ജീവത്യാഗത്തിന്റെ ഫലം

പരദേശിമോക്ഷയാത്ര എഴുതിയ ജോൺ ബനിയൻ പട്ടാളത്തിൽ സേവനമനുഷ്ഠിക്കുന്ന കാലം. ദൈവവുമായി വ്യക്തിപരമായ ഒരു ബന്ധം ജോണിന് അന്നുണ്ടായിരുന്നില്ല. എന്നാൽ പട്ടാളത്തിലെ തന്റെ സ്നേഹിതനും സഹപ്രവർത്തകനുമായ ഫെഡറിക്ക് തികഞ്ഞ ദൈവവിശ്വാസിയായിരുന്നു. എല്ലാവരെയും സഹായിക്കാൻ സദാ സന്നദ്ധനും.

അങ്ങനെയിരിക്കെ ഒരു വെള്ളിയാഴ്ച രാത്രി പട്ടാളക്യാമ്പിന്റെ പാറാവു ഡ്യൂട്ടി ജോൺ ബനിയൻ ആയിരുന്നു. എന്നാൽ ആ സമയത്ത് ജോണിന് ഒരു ജന്മദിന പാർട്ടിക്കു പോകുകയും വേണം. എന്തു ചെയ്യും? ഒടുവിൽ വിവിരം ഫെഡറിക്കിനോടു പറഞ്ഞപ്പോൾ അദ്ദേഹം സഹായിക്കാമെന്നേറ്റു. ആ രാത്രി ജോണിനു പകരം ഫെഡറിക്ക് പാറാവുഡ്യൂട്ടി ഏറ്റെടുത്തു.




ജന്മദിനവിരുന്നു കഴിഞ്ഞു രാത്രി വൈകിയാണ് ജോൺ ബനിയൻ പട്ടാളക്യാമ്പിലെത്തി ഉറങ്ങാൻ കിടന്നത്. പക്ഷേ പുലർച്ചെ ഞെട്ടിക്കുന്ന വാർത്ത കേട്ടാണ് ജോൺ ഉണർന്നത്- തലേ രാത്രി ശത്രുസൈന്യം തങ്ങളുടെ ക്യാമ്പ് ആക്രമിച്ചു. ശത്രുസൈന്യത്തിൽ അഞ്ചാറുപേർ കൊല്ലപ്പെട്ടു. തങ്ങളുടെ സേനയിലെ ഒരാളും.

"നമ്മുടെ കൊല്ലപ്പെട്ട സൈനികൻ ആരാണ്?" ജോൺ ഉത്ക്കണ്ഠാകുലനായി.

"പാറാവ് ഡ്യൂട്ടി ചെയ്തിരുന്ന ഫെഡറിക്ക്" മറുപടി കേട്ട് ജോൺ ഞെട്ടിപ്പോയി. അവൻ അലമുറയിട്ടു കരഞ്ഞു.

വിവരം അറിഞ്ഞ് ഉന്നത സൈനിക ഉദ്യോഗസ്ഥൻ മിൽസ്, ജോൺ ബനിയനെ ഇങ്ങനെ ആശ്വസിപ്പിച്ചു: "ജോൺ കരയരുത്. ഫെഡറിക്ക് ദൈവവിശ്വാസി ആയിരുന്നു. അവൻ ഇപ്പോൾ സന്തോഷത്തോടെ ദൈവസന്നിധിയിൽ വിശ്രമിക്കുന്നു. നിനക്കുവേണ്ടി അവൻ മനഃപൂർവ്വം ജീവൻ നൽകിയതല്ല. നിനക്കുപകരം അവൻ കൊല്ലപ്പെട്ടു എന്നതാണു സത്യം. എന്നാൽ നിനക്കുവേണ്ടി മനഃപൂർവ്വം ജീവൻ വെടിഞ്ഞ യേശുക്രിസ്തുവിനെ നീ ഓർക്കുക. ആ ജീവത്യാഗത്തെ ഓർക്കുവാൻ ഫെഡറിക്കിന്റെ മരണം നിന്നെ സഹായിക്കട്ടെ".

നാളുകൾക്കുശേഷം ജോൺ ബനിയൻ യേശുവിനെ നാഥനും കർത്താവുമായി സ്വീകരിച്ചു. അനേകരെ യേശുവുമായി അടുത്ത ബന്ധത്തിനു ആഹ്വാനം ചെയ്യുന്ന ഒട്ടേറെ കൃതികൾ രചിക്കുകയും ചെയ്തു.

ഫെഡറിക്കിന്റെ ജീവത്യാഗത്തിന്റെ ഫലം.

# വാക്കുകളുടെ അർത്ഥം



റോമൻ സൈനികത്തലവൻ ടൈറ്റസ്-ഇദ്ദേഹം പിന്നീട് റോമാചക്രവർത്തിയായി-യരുശലേം ഉപരോധിച്ചു പട്ടണത്തിനു ചുറ്റും പാളയമടിച്ചപ്പോൾ യഹൂദന്മാർ കീഴടങ്ങാതെ നഗരത്തിനുള്ളിൽ തന്നെ കഴിഞ്ഞു. ഭക്ഷണസാധനങ്ങൾ അകത്തേക്കു കൊണ്ടുവരുവാൻ നിവൃത്തിയില്ലാത്തതിനാൽ പട്ടിണിയും പിന്നീട് പകർച്ചവ്യാധിയും പടർന്നുപിടിച്ചു. അനേകർ മരണമടഞ്ഞു.

ഈ അവസരത്തിൽ എങ്ങനെയും ഈ ഉപരോധം അവസാനിപ്പിക്കണമെന്നുറപ്പിച്ച് യോഹന്നാൻ ബെൻ സക്കയി എന്ന യഹൂദ പുരോഹിതൻ സൈനീകനിരകൾ ഭേദിച്ച് ഒരുവിധത്തിൽ ടൈറ്റസിന്റെ കൂടാരത്തിൽ എത്തി. അദ്ദേഹം സൈന്യാധിപന്റെ മുമ്പിൽ സാഷ്ടാംഗം നമസ്കരിച്ചിട്ട് ഇങ്ങനെ പറഞ്ഞു: "എത്രയും മഹാനായ രാജാവേ! ഈ പട്ടണത്തെ രക്ഷിക്കൂ. ഒരു തെറ്റുപോലും ചെയ്യാത്ത നിരവധി സ്ത്രീകളും കുട്ടികളും ഇതിനുള്ളിൽ നരകയാതന അനുഭവിക്കുന്നു". "നിർത്തൂ" മുഴുനുണ പറഞ്ഞത് പ്രഭോ? ഞാൻ നുണ പറയാറില്ല. രാജരാജനോട് ഒരിക്കലും പറയുകയില്ല" എന്ന് അത്ഭുതപ്പെട്ടു റബി പറഞ്ഞപ്പോൾ ടൈറ്റസിന്റെ മറുപടി ഇങ്ങനെ: "നിങ്ങൾ എന്നോടു പറഞ്ഞ ആദ്യ വാക്കുതന്നെ കളവല്ലേ? നിങ്ങൾ എന്നെ രാജാവെന്നു വിളിച്ചു. ഞാൻ നിങ്ങളുടെ രാജാവല്ലെന്നു നിങ്ങൾക്കു നന്നായി അറിയാം. ഇനി അങ്ങനെയായിരുന്നെങ്കിൽ ഞാനിങ്ങനെ മാസങ്ങളായി കൂടാരം കെട്ടി താമസിക്കേണ്ടി വരുമോ? നിങ്ങൾ യെരുശലേമിന്റെ വാതിലുകൾ എനിക്കായി തുറന്നിടുകയില്ലേ? എന്നെ രാജാവിനെപ്പോലെതന്നെ നിങ്ങൾ സ്വീകരിക്കുകയില്ലേ?" ഒരിക്കലും നുണ പറയാത്തവൻ എന്ന ഖ്യാതിയുള്ള പുരോഹിതന് തിരിച്ചൊന്നും പറയാനുണ്ടായില്ല.

ഇതുപോലെയുള്ള നുണകൾ നാമും പറയാറുണ്ടോ? അർത്ഥം മനസ്സിലാക്കിത്തന്നെയാണോ വാക്കുകൾ ഉപയോഗിക്കുന്നത്? പ്രാർത്ഥിക്കുമ്പോൾ പറയാറുള്ള വാക്കുകൾ എല്ലാം സത്യമോ? ദൈവത്തെ നാം 'പിതാവേ' എന്നു വിളിക്കുന്നു. അങ്ങനെയെങ്കിൽ ആ പിതാവിന്റെ മക്കളെപ്പോലെയാണോ നാം ജീവിക്കുന്നത്? അതോ യോഹ






☺ ഇന്ത്യ അഗ്നി മിസൈൽ പരീക്ഷിച്ചെന്ന്. ദാരിദ്ര്യം പിടിച്ച രാജ്യത്ത് ഇതിന്റെ വല്ല ആവശ്യമുണ്ടോ?

ജോമോൻ ഫിലിപ്പ്, മരുതൂർ, വട്ടപ്പാറ, തിരുവനന്തപുരം

☹ ***രാജ്യം ഇന്ന് നേരിടുന്നത് ഒരു അഗ്നിപരീക്ഷണമാണല്ലോ.***

☺കോവിഡ് മരണ കണക്കുകൾ പിഴയ്ക്കുന്നതിനെക്കുറിച്ച്?

സാബു ലോറൻസ്, എടുക്കുന്നം, പാറത്തോട്, കാഞ്ഞിരപ്പള്ളി

☹***ജീവിച്ചിരിക്കുന്നവരുടെ കണക്കുകൂട്ടലുകൾ പിഴയ്ക്കുന്നതിനെക്കുറിച്ച് ചിന്തിച്ചാൽ പോരെ.***

☺കാൾമാർക്സ് അവസാന വാക്കല്ല

വി. കെ. ഉണ്ണി, നീലിപിലാവ്, കട്ടച്ചിറ, പത്തനംതിട്ട

☹***അവസാനവാക്ക് പറയാൻ മാർക്സ് ദൈവമല്ല. മനുഷ്യനാണ്.***

☺വിശ്വാസികൾ സ്വപ്നം കാണുന്ന സ്വർഗ്ഗം?

മോനമ്മ സാബു, പായോട്, മാനന്തവാടി, വയനാട്

☹***പണിയെടുക്കാതെ സുഖിക്കാനുള്ള സ്ഥലം***

☺പെട്രോളിൽ 'ട്രോൾ' ഉള്ളതുകൊണ്ടാണോ വില കുതിച്ചുകയറുന്നത്?

ഫിലിപ്പ് ഉമ്മൻ, വെൺമണി, ചെങ്ങന്നൂർ, ആലപ്പുഴ

☹***എല്ലാവരും ട്രോളി ട്രോളി പെട്രോളിന് പേപിടിച്ചുകാണും***

☺സത്യം തുറന്നു കാട്ടണം എന്നു പറയാറുണ്ടല്ലോ. സത്യത്തിൽ വഞ്ചനയല്ലേ തുറന്നു കാട്ടേണ്ടത്?

ബേബി മോൾ, കൊടുമുടി, കാരിക്കയം, ചിറ്റാർ

☹***അത് തുറന്ന് മലർന്ന് കിടപ്പുണ്ടല്ലോ***

☺ദേശീയപാത വികസനത്തിനായി ദൈവാലയങ്ങൾ പൊളിച്ചു മാറ്റാമെന്ന കോടതിവിധിയെക്കുറിച്ച്?

ഇ.വി.മാത്തുക്കുട്ടി, പൂമല, പെണ്ണുക്കര,ചെങ്ങന്നൂർ

☹***ദൈവത്തിന്റെ മുന്നിൽ ദുർഘടങ്ങൾ ഒന്നുമില്ല. പക്ഷെ മനുഷ്യന്റെ കാര്യം അങ്ങനെയല്ല. അവന് വീതിയുള്ള തടസമില്ലാത്ത റോഡുകൾതന്നെ വേണം.***

☺രാത്രിയിൽ മഴ വന്നപ്പോൾ ബാങ്കിന്റെ വരാന്തയിൽ കയറിനിന്ന എന്റെ മുഖം കാമറയിൽ പതിഞ്ഞിട്ടുണ്ട്. എനിക്കെതിരെ നടപടി ഉണ്ടാകുമോ?

അലക്സ് തോമസ്, കുറ്റൂർ, തെങ്ങേലിൽ, തിരുവല്ല

☹***സാധ്യതയുണ്ട്. മഴ വന്നപ്പോൾ സ്കൂൾ വരാന്തയിൽ കയറി നിന്നവർ വരെ പരീക്ഷ പാസായ സംസ്ഥാനമാണിത്.***




Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516.
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally